fmpb

# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 14 ലക്കം 11 നവംബർ 2024

# ആശ്രയിപ്പാൻ യോഗ്യനായ ദൈവം!

## ആശ്രയിക്കേണ്ടതിനു മനുഷ്യൻ ആരാകുന്നു?




**“മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിവിൻ;
അവനെ എന്തു വിലമതിപ്പാനുള്ളു?”**

**യെശയ്യാവ്. 2:22**

ഞാൻ ആര്
2 ശമുവേൽ 7:18




# ആശ്രയം ...

## പ്രത്യാശയുടെ നങ്കൂരം

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം പലപ്പോഴും നമ്മുടെ വിശ്വാസം, ആശ്രയം, പ്രത്യാശ എന്നിവയുടെ അർത്ഥങ്ങൾ തമ്മിൽ കൂട്ടിക്കലർത്തും. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ ഗ്രഹിക്കുവാൻ മൂന്നു ലളിതമായ ഉദാഹരണങ്ങളിലൂടെ സാധിക്കും.

ഒന്നാമതായി, ഗ്രാമത്തിലുള്ള ഒരു കൂട്ടം ആളുകൾ മഴക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ ഒരുമിച്ചു കൂടി. അവരുടെ കൂട്ടത്തിൽ ഒരു ബാലന്റെ കയ്യിൽ കുടയുണ്ടായിരുന്നു. ഇതാണ് എബ്രായർ 11:1 ൽ വിശദീകരിക്കുന്ന വിശ്വാസം. "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു."

രണ്ടാമതായി, വായുവിലേക്കു ഉയർത്തിയെറിയുന്ന ഒരു കുഞ്ഞ് ചിരിക്കുന്നത് നോക്കുക, സുരക്ഷിതമായി പിടിക്കപ്പെടുമെന്ന അറിവിനാലാണ് ആ കുഞ്ഞ് ചിരിക്കുന്നത്. അതാണ് ആശ്രയം. സങ്കീർത്തനം 118:8 ൽ പറയുന്നതു പോലെ എല്ലാ സമയത്തും എല്ലാ സാഹചര്യത്തിലും നാം ദൈവത്തിൽ ഇപ്രകാരം അചഞ്ചലമായി ആശ്രയിക്കണമെന്നു ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നു."മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു." പകരം നാം സമ്പത്തിലോ കഴിവിലോ അനുഭവജ്ഞാനത്തിലോ ആശ്രയിക്കുമ്പോൾ നാം നിരാശിതരാകുകയും ദൈവഹിതത്തിൽ നിന്നും വ്യതിചലിക്കുകയും ചെയ്യും.

മൂന്നാമതായി, ഓരോ രാത്രിയിലും ഒരു ഉറപ്പുമില്ലെങ്കിലും അടുത്ത പ്രഭാതത്തിൽ എഴുന്നേൽക്കുമെന്ന പ്രതീക്ഷയിലാണ് നാം ഉറങ്ങുവാനായി പോകുന്നത്. അതാണ് പ്രത്യാശ. ഈ മാസം ആശ്രയം എന്ന വിഷയമാണ് നാം ധ്യാനിക്കുന്നത്.

ജീവിതത്തിന്റെ വ്യത്യസ്തമായ മേഖലകളിൽ - വിദ്യാഭ്യാസം, ജോലി, വിവാഹം - മറ്റുള്ളവരുടെ അംഗീകാരവും ഉപദേശവും നാം തേടാറുണ്ട്. എന്നാൽ നാം ഓർക്കണം ഇതിലെല്ലാറ്റിലും ഉപരിയായി നമ്മുടെ ആശ്രയം ദൈവത്തിൽ ആയിരിക്കണം. സങ്കിർത്തനക്കാരൻ സങ്കീ. 144:14 ൽ ബുദ്ധിപൂർവ്വമായി നമ്മെ ഉപദേശിക്കുന്നത്, "മനുഷ്യൻ ഒരു ശ്വാസത്തിനു തുല്യമത്രെ. അവന്റെ ആയുഷ്കാലം കടന്നു പോകുന്ന നിഴൽ പോലെയാകുന്നു." അതു പോലെ യെശയ്യാവ് 2:22 ൽ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, "മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിവിൻ; അവനെ എന്തു വിലമതിപ്പാനുള്ളു?"

നാം ദൈവത്തിൽ മാത്രം ആശ്രയിക്കുമ്പോൾ നമ്മുടെ ദൈനംദിന ജീവിതം സ്ഥിരതയോടും ലജ്ജിക്കാതെയും നയിക്കുവാൻ സാധിക്കും.

സങ്കീർത്തനങ്ങളിൽ ദാവിദ് ദൈവത്തിലുള്ള ആശ്രയത്തെ ഉദാഹരിക്കുന്നതായി കാണാം. ദാവിദ് പ്രഖ്യാപിക്കുന്നു, "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ"(സങ്കി.34:8). "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിവർത്തിക്കും"(സങ്കി.37:5). ഹിസ്കിയാവ് രാജാവിനെ കുറിച്ചു നാം വായിക്കുന്നു, "അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയിൽ ആശ്രയിച്ചു; അവനും മുമ്പും പിമ്പും ഉണ്ടായിരുന്ന സകല യഹൂദ രാജാക്കന്മാരിലും ആരും അവനോടു തുല്യനായിരുന്നില്ല." (2 രാജാ. 18:5).

നാം നമ്മുടെ നങ്കൂരമായ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുമ്പോൾ നമ്മുടെ ജീവിതയാത്ര സമാധാന പരമായിരിക്കും. ദൈവമായ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ!

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും. "

– സദൃശ്യവാക്യങ്ങൾ. 3:5,6

"ദൈവം നിങ്ങളെ അഗ്രത്തിലേക്കു തള്ളുമ്പോൾ, ദൈവത്തെ പൂർണ്ണമായി ആശ്രയിക്ക. ഒന്നുകിൽ അവൻ നിങ്ങളെ പിടിക്കും അല്ലെങ്കിൽ അവൻ നിങ്ങളെ എങ്ങനെ പറക്കണം എന്നു പഠിപ്പിക്കും."

– അജ്ഞാതൻ

"മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു."

– സങ്കീർത്തനം. 118:8,9

" നിങ്ങളുടെ വേദനകൾക്കു ദൈവത്തിനു ഒരു ലക്ഷ്യമുണ്ട്, നിങ്ങളുടെ പോരാട്ടങ്ങൾക്കു ഒരു കാരണമുണ്ട്. ദൈവത്തിൽ ആശ്രയിക്ക, വിട്ടുകളയരുത്."

– അജ്ഞാതൻ

## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്ര സമാചാർ

FMPB യുടെ പ്രതിമാസ സൂനം

Publisher & Editor
S. ജോൺ ബർലിൻ


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in



**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

എഫെസ്യ ലേഖനം ആറാം അദ്ധ്യായത്തിലെ രണ്ടു വാക്യങ്ങളിലൂടെ പരിശുദ്ധാത്മാവ് എന്നോടു വ്യക്തമായി സംസാരിച്ചു. ഏഴാം വാക്യത്തിൽ പൗലൊസ് പറയുന്നു, "മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചും കൊണ്ട് അനുസരിപ്പിൻ." എന്തു ചെയ്താലും അത് കർത്താവിനായി ചെയ്യുന്നു എന്ന ബോധ്യത്തോടെ മുഴു ഹൃദയത്തോടു കൂടെ ചെയ്യണമെന്നു ഇവിടെ നിർദ്ദേശിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഭൗതികമെന്നോ ആത്മീകമെന്നോ വിഭജനമില്ല. നാം ചെയ്യുന്ന എല്ലാ പ്രവർത്തികളും പൂർണ്ണ മനസ്സോടു കൂടെ ചെയ്യണം കാരണം നാം ഇതു ചെയ്യുന്നത് എല്ലാം ദൈവത്തിനും ദൈവനാമ മഹത്വത്തിനും വേണ്ടിയാണ്. പത്താം വാക്യം പറയുന്നു, "ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ." പൗലൊസ് എഫെസോസിലുള്ള വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്, അവർ കർത്താവിലും കർത്താവിന്റെ അമിത ബലത്തിലും ശക്തിപ്പെടണം എന്നാകുന്നു. ദൈവീക ശക്തിക്കു മീതെയായി വേറൊരു ശക്തിയും ഇല്ല. ക്രിസ്തുവിൽ ആയിരിക്കുന്ന നാം എത്ര ശക്തരും സുരക്ഷിതരുമായിരിക്കുന്നു എന്നത് ഈ വാക്യം നമ്മോടു പറയുന്നു. തുടർന്നു പൗലൊസ് അടുത്ത വാക്യത്തിൽ പറയുന്നു നാം ശക്തരാകുന്നതിനു ആവശ്യമാകുന്ന ആയുധങ്ങളെ കുറിച്ചാകുന്നു. കർത്താവിനു വേണ്ടി പ്രവർത്തിക്കുന്നതു പോലെ എല്ലാം ചെയ്യുവാൻ ദൈവ കൃപ നമ്മിൽ വർദ്ധിക്കുമാറാകട്ടെ. കർത്താവിലും അവന്റെ അമിത ശക്തിയിലും ബലപ്പെടുന്നതിനായി സർവ്വായുധ വർഗ്ഗം ധരിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

## തിരുനെൽവേലി ഓഫീസ് കെട്ടിടത്തിന്റെ സമർപ്പണം

ശ്രീമതി മണി ചെല്ലയ്യ ദാനമായി നൽകിയ വസ്തുവിൽ പണിതുയർത്തിയ മൊബലൈസേഷൻ ഓഫിസും സ്റ്റാഫ് വസതിയും ഉൾപ്പെടുന്ന ആനന്ദ ഭവനത്തിന്റെ സമർപ്പണ ശുശ്രൂഷ FMPB യിലെ അനേക നേതാക്കന്മാരുടെയും അംഗങ്ങളുടെയും സാന്നിധ്യത്തിൽ 2024 സെപ്റ്റംബർ 18 ന് നിർവഹിച്ചു. പഴയ കെട്ടിടം മോശമായ നിലയിലായതിനാൽ ഒരു പുതിയ കെട്ടിടം അനിവാര്യമായിരുന്നു. ചുരുങ്ങിയ സമയം കൊണ്ടു ഈ സംരംഭം വിജയിപ്പിക്കുവാൻ സംഭവാനകൾ നൽകിയവരെയും തിരുനെൽവേലിയിലുള്ള നേതാക്കന്മാരെയും അഭിനന്ദിക്കുന്നു.

## 219 -ാം എക്സിക്യൂട്ടിവ് കമ്മറ്റി

219 -ാം എക്സിക്യൂട്ടിവ് കമ്മറ്റി സെപ്റ്റംബർ 21ന് ചെന്നയിൽ വെച്ചു നടത്തി. 2023 -24 ലെ കണക്കുകൾ പൊതുയോഗ സമക്ഷം അവതരിപ്പിക്കുന്നതിനു കമ്മറ്റി പാസ്സാക്കി.

## 2024 ലെ പൊതുയോഗം

സെപ്റ്റംബർ 22 ന് 2024 ലെ പൊതു യോഗം സംഘടിപ്പിച്ചു. പൊതുയോഗ ത്തിൽ പുതിയ വൈസ് പ്രസിഡണ്ട്, ഖജാൻജി, പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങൾ തുടങ്ങയവരെ തിര ഞ്ഞെടുക്കുകയും മറ്റു പല തീരുമാന ങ്ങൾ എടുക്കുകയും ചെയ്തു. ദൈവ ഹിതാനുസരണവും ദൈവീക പരി ജ്ഞാനത്താലും ഈ യോഗത്തെ ദൈവം നയിച്ചു.

## ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം

രണ്ടു ദിവസ ഉപവാസ പ്രാർത്ഥനയും രണ്ടു ദിവസ ആസൂത്രണവുമായി ഡിവിഷനൽ സെക്രട്ടറിമാരുടെ യോഗം ചെന്നയിൽ വെച്ചു നടത്തി. ഈ പ്രാർ ത്ഥനയോഗത്തെയും ആസുത്രണ യോഗത്തെയും സമൃദ്ധിയായ കൃപ നൽകി ദൈവം അനുഗ്രഹിച്ചു.

## NIM ൽ CCC പരിശീലനം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷ നിൽ സീനിയർ മിഷനറി പരിശീലനാർ ത്ഥികൾക്കായി ഇതര സംസ്കാരത്തി ലുള്ളവരോടു ആശയവിനിമയം ചെയ്യു ന്നതിനുള്ള പരിശീലന ക്ലാസ്സുകൾ എടുത്തു. സമർപ്പിതരായ മിഷനറി മാരെ തന്നതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

## 13 -ാമത് കർണ്ണാടക സംസ്ഥാന സമ്മേളനം

ഒക്ടോബർ 11 മുതൽ 14 വരെ ബാംഗ്ലൂ രിൽ വെച്ചു കർണ്ണാടക സംസ്ഥാന സമ്മേളനം നടത്തി. മിഷനറിമാരും ബാംഗ്ലൂരിലുള്ള നേതാക്കന്മാരും ഈ സമ്മേളനം ഭംഗിയായി ക്രമീകരിച്ചു. 827 ആളുകൾ ഈ സമ്മേളനത്തിൽ പ ങ്കെടുത്തു. ഉത്ഘാടന യോഗത്തിൽ എനിക്കും സംബന്ധിക്കുവാൻ ദൈവം കൃപ നൽകി.

## പൂനൈ മൊബലൈസേഷൻ യോഗങ്ങൾ

ഒക്ടോബർ 12,13 തീയതികളിൽ നടന്ന മൊബലൈസേഷൻ യോഗങ്ങളിൽ പൂനയിലുള്ള നേതാക്കന്മാരോടും മിഷ നറിമാരോടും കൂടെ സംബന്ധിക്കു വാൻ എനിക്കും അവസരം ലഭിച്ചു. 12 ന് കുടുംബ സംഗമം ഉണ്ടായിരുന്നു. അതിനെ തുടർന്നു നേതാക്കന്മാരുടെ യോഗം നടത്തി. 13 ഞായറാഴ്ച മൂന്നു ദൈവാലയങ്ങളിൽ ഞാൻ പ്രസംഗിച്ചു. ഈ യോഗങ്ങളെ ദൈവം അനുഗ്രഹി ച്ചു. പൂനയിലുള്ള മൊബലൈസേഷൻ പ്രവർത്തകൾ ഏറെ ഫലപ്രദമായി ഈ യോഗങ്ങൾ ക്രമീകരിച്ചു.

## ഹൂബ്ലി മേഖല രജത ജൂബിലി സമ്മേളനം

ഹൂബ്ലി മേഖലയിലെ FMPB യുടെ പ്രവർത്തനം 25 വർഷം പിന്നിടുന്നു. കർണ്ണാടകയിലെ ഗടാങ് ജില്ലയിൽ ഒക്ടോബർ 17 ന് മിഷനറിമാരും വിശ്വാ സികളും ഏകദിന സമ്മേളനം ക്രമീ കരിച്ചു. ദൈവത്തിന്റ വിശ്വസ്തതക്കു നന്ദിയർപ്പിക്കുന്നതിനായി വലിയൊരു കൂട്ടം വിശ്വാസികൾ ഈ യോഗത്തിൽ സംബന്ധിച്ചു.

**നവംബർ മാസത്തിലെ പ്രോഗ്രാമു കൾക്കായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു.**

## ഹരിയാന, ഉത്തർഖാണ്ഡ് സന്ദർശനം

നവംബർ ആദ്യ വാരം ഹരിയാനയിലും ഉത്തർഖാണ്ഡിലും പ്രവർത്തിക്കുന്ന മിഷനറിമാരെ സന്ദർശിക്കുന്നതാണ്.

## പുതിയ ഭാരവാഹികളുടെ പ്രതിഷ്ഠാപന ശുശ്രൂഷ

സ്ഥാനം ഒഴിയുന്ന ഭാരവാഹികൾക്കു നന്ദിയറിക്കുന്നതിനും പുതുതായി ചുമതലയേൽക്കുന്ന ഭാരവാഹികളെ സ്വാഗതം ചെയ്യുന്നതിനുമായി നവംബർ ഒമ്പതിന് ആസ്ഥാന മന്ദിരത്തിൽ ക്രമീകരിച്ചിരിക്കുന്ന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഹൈദ്രബാദിൽ NMC യോഗം

നവംബർ 13 മുതൽ 14 വരെ ഹൈദ്രബാദിൽ നാഷണൽ മിഷൻസ് കൺസൽറ്റേഷൻ ക്രമീകരിച്ചിരിക്കുന്നു.

## മിനിസ്ട്രി കൗൺസിൽ

നവംബർ 20 മുതൽ 22 വരെ FMPB യുടെ മിനിസ്ട്രി കൗൺസിൽ ക്രമീകരിച്ചിരിക്കുന്നു. സോണൽ സെക്രട്ടറിമാർ മുതൽ മുകളിലോട്ടുള്ള എല്ലാവരും ഈ യോഗത്തിൽ സംബന്ധിക്കുന്നതാണ്.

## മിഷൻ വയൽ സോണൽ സെക്രട്ടറിമാരുടെ യോഗം

നവംബർ 25,26 തീയതികളിൽ ക്രമീകരിച്ചിരിക്കുന്ന ഫീൽഡ് സോണൽ സെക്രട്ടറിമാരുടെ യോഗത്തിൽ ഞാനും സംബന്ധിക്കുന്നതാണ്.

## സ്ഥാനം ഒഴിയുന്ന പ്രസിഡണ്ടിനും വൈസ് പ്രസിഡണ്ടിനും FMPB നന്ദിയർപ്പിക്കുന്നു

FMPB ക്കു രണ്ടു ടേമുകളിലായി ആറു സംവത്സരം ശ്രീ. റജിനാൾഡ് പ്രഭദാസിന്റെയും ശ്രീ. ജയിംസ് ധർമ്മബാലന്റെയും സേവനം യഥാക്രമം പ്രസിഡണ്ടായും വൈസ് പ്രസിഡണ്ടായും ലഭിച്ചു. 2024 ഒക്ടോബർ 31 ന് അവരുടെ കാലാവധി തീരും. നമ്മുടെ രാജ്യം നേരിട്ട കൊറോണ പോലുള്ള വലിയ പ്രതിസന്ധികളുടെ കാലഘട്ടത്തിൽ സംഘടനക്കൊപ്പം നിന്നു സഹായിച്ചതിനു FMPB യിലെ എല്ലാ മിഷനറിമാരുടെയും സഹകാരികളുടെയും പേരിലുള്ള ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു. FMPB യുടെ ശുശ്രൂഷയിൽ ഫലപ്രദമായി തുടരുന്നതിനു ദൈവം ഇവർക്കു ദീർഘായുസ്സു നൽകി അനുഗ്രഹിക്കേണ്ടതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## പുതിയ ഭാരവാഹികളെ സ്വാഗതം ചെയ്യുന്നു.

ശ്രീ. ജോൺ ശാമുവേലിനെ പ്രസിഡണ്ടായും ശ്രീ. ജെ സാം പൊന്നയ്യായെ വൈസ് പ്രസിഡണ്ടായും 2024 നവംബർ 1 മുതൽ അടുത്ത മൂന്നു വർഷത്തെക്കു പൊതു യോഗം നിയമിച്ചു. ഖജാൻജിയായി ആദ്യ ടേം വിജയകരമായി പൂർത്തീകരിച്ച ശ്രി. നെൽസണെ അടുത്ത മൂന്നു വർഷത്തേക്കു കൂടി നിയമിച്ചു. ഇവർ FMPB യുടെ ദീർഘകാല പ്രാർത്ഥനക്കൂട്ട നേതാക്കന്മാരും വിവിധ തലങ്ങളിൽ സംഘടനയെ സേവിച്ചവരും ആകുന്നു. ദൈവീക ദർശനം പൂർത്തികരിക്കുന്നതിനു ദൈവം നൽകിയ ഉത്തരവാദിത്വത്തിൽ സംഘടനയെ സേവിക്കുന്നതിനായി ഞങ്ങൾ FMPB മിഷനറിമാരും സഹകാരികളും സഹർഷം ഇവരെ സ്വാഗതം ചെയ്യുന്നു. ചുമതല ഒഴിയുന്നവർക്കും ചുമതല എറ്റെടുക്കുന്നവർക്കുമായുള്ള നിങ്ങളുടെ പ്രാർത്ഥനയെ അഭിനന്ദിക്കുന്നു.

## പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിയെ സ്വാഗതം ചെയ്യുന്നു

ഇപ്പോഴത്തെ എക്സിക്യൂട്ടിവ് കമ്മറ്റിയുടെ കാലാവധി 2024 ഒക്ടോബർ 26 നു അവസാനിക്കുന്നതിനാൽ അടുത്ത മൂന്നു വർഷത്തേക്കു പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിയെ പൊതു യോഗം നിയ



# വിശ്വസ്തനായ ദൈവം

### മനുഷ്യനെക്കാൾ ദൈവത്തിൽ ആശ്രയിക്കുന്നു

ജീവിതത്തെ പലപ്പോഴും ഒരു യാത്രയോടു ഉപമിക്കാറുണ്ട്. നാം യാത്ര ചെയ്യുമ്പോൾ, പുറപ്പെടുന്നതിനു മുമ്പ് സഞ്ചരിക്കുന്ന വാഹനത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിക്കാറില്ല. ഓൺലൈനിൽ ബുക്കു ചെയ്യുമ്പോൾ നമ്മൾ ആ പ്രക്രിയയിൽ വിശ്വസിക്കുന്നു. നാം പലപ്പോഴും വിശ്വാസം അർപ്പിക്കുന്നത് ഡ്രൈവറന്മാരിലോ, വാഹനത്തിലോ അല്ല ദൈവത്തിലാണ്. ദൈവത്തെക്കാൾ അധികം മനുഷ്യനിൽ ആശ്രയിച്ച അനവധി സമയങ്ങളിൽ നമുക്കു നഷ്ടം സംഭവിച്ചിട്ടുണ്ട്. നമ്മുടെ ജീവിത യാത്രയുടെ അവസാനം വരെ കൂടെയിരിക്കാമെന്നു വാഗ്ദത്തം ചെയ്ത പലരും മാഞ്ഞു പോയി. കർത്താവിന്റെ വേല ചെയ്യാമെന്നു പ്രതിജ്ഞ എടുത്തവർ വിട്ടു പോയിട്ടുണ്ട്. എല്ലാറ്റിലും ഉപരി അവരെല്ലാവരും മനുഷ്യരാകുന്നു.

---

മിച്ചു. മുൻ എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങളുടെ ആത്മാർത്ഥമായ സേവനത്തിനു അവരോടുള്ള നന്ദി അറിയിക്കുന്നതിനൊപ്പം പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങളെ സ്വാഗതം ചെയ്യുന്നു. പുതുതായി നിയോഗിക്കപ്പെട്ട എല്ലാ എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങൾക്കായും പ്രാർത്ഥിക്കുക.

പുതിയ ഭാരവാഹികളെയും കമ്മറ്റിയംഗങ്ങളെയും തിരഞ്ഞെടുക്കുന്നതിനായി നടത്തിയ പ്രാർത്ഥനകളെ അംഗീകരിക്കുകയും അഭനന്ദിക്കുകയും ചെയ്യുന്നു. പുതുതായി തിരഞ്ഞെടുത്ത ഭാരവാഹികളെയും കമ്മറ്റിയംഗങ്ങളെയും ഓർത്തു പ്രാർത്ഥിക്കുക. പുതതായി 50 പേരെ പൊതുയോഗത്തിലേക്കും തിരഞ്ഞെടുത്തു. നമ്മുടെ ഒരുമിച്ചുള്ള പ്രാർത്ഥനയോടും ശുശ്രൂഷയോടും കൂടെ നാം ലക്ഷ്യത്തിലേക്കു മുന്നേറുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടു വേലക്കാരൻ

**റവ. ജോൺ ബർലിൻ എസ്.**

യെശയ്യാവ് 2:22 നമ്മെ ഓർമ്മപ്പെടുത്തുന്നത് മനുഷ്യനിൽ ആശ്രയിക്കരുതെന്നാണ്, കാരണം അവൻ മർത്യനാണ്. മൂക്കിൽ ശ്വാസമുള്ള വെറും മനുഷ്യനാണ്. യിസ്രായേൽ ജനം ദൈവത്താൽ നയിക്കപ്പെട്ടവരായിരുന്നിട്ടും അവരെ ഭരിക്കുന്നതിനു ഒരു രാജാവിനെ വേണമെന്നു ആവശ്യപ്പെടുന്നു. പിന്നീടുള്ള നാളുകളിൽ ഇതു ഭയങ്കരമായ പ്രത്യാഘാതങ്ങൾ ഉളവാക്കി. ആശ്രയം മാറിപ്പോയാലുള്ള ഭവിഷത്ത് എന്തെന്ന മുന്നറിയിപ്പ് ഇത് നമുക്കു നൽകുന്നു.

ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം മറ്റുള്ളവരിൽ ആശ്രയം വെച്ച അനേക വ്യക്തികളെ തിരുവചനത്തിൽ നമുക്കു കാണാം. ഉദാഹരണത്തിന് തടവറയിൽ കഴിഞ്ഞ യോസഫ് പാനപാത്ര വാഹകനോടു തന്നെ ഓർക്കുവാനും തന്റെ കാര്യം ഫറവോനോടു പറയുവാനും ആവശ്യപ്പെടുന്നു (ഉല്പത്തി.40:14). യോസഫിന്റെ സഹായം ലഭിച്ച പാനപാത്ര വാഹകൻ ജോസഫിനെ മറക്കുന്നു (ഉല്പ.40:23). നമ്മെ നിലനിർത്തുന്ന ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം ഇന്ന് നാം പലപ്പോഴും മറ്റുള്ളവരുടെ പ്രസാദം അന്വേഷിക്കുന്നു. മനുഷ്യനെ പോലെയല്ല ദൈവം, ഒരിക്കലും നമ്മെ മറക്കുകയില്ല. നമ്മുടെ പരിപൂർണ്ണമായ ആശ്രയം ദൈവത്തിൽ ആയിരിക്കണം.

### വിശ്വാസ യോഗ്യമല്ലാത്ത ഒരു മനുഷ്യന്റെ പ്രത്യേകതകൾ

മനുഷീക ശക്തിയിലും (സങ്കീ.20:7), സൈന്യ ബലത്തിലും (സങ്കീ.44:6), സ്വന്ത വിവേകത്തിലും (സദൃ.3:5), സമ്പത്തിലും (സദൃ.11:28) ആശ്രയിക്കുന്നതിനെതിരെ തിരുവചനം മുന്നറിയിപ്പു നൽകുന്നു. "സ്വന്ത ഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢൻ" എന്നാണ് സദൃശ്യവാക്യം 28:26 പ്രസ്താവിക്കുന്നതു. ഇത്തരത്തിലുള്ള വ്യക്തികൾ അത്യന്തികമായി നിരാശിതരാകും.

### മനുഷ്യരിൽ ആശ്രയിക്കുന്നത് ഹാനികരം

യിരെമ്യാവ് 17:5,6 ഇപ്രകാരം പറയുന്നു, "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ടു യഹോവയെ വിട്ടു മാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ. അവൻ മരുഭൂമിയിലെ ചൂരച്ചെടി പോലെയും (പാഴ് ജീവിതം) നന്മ വരുമ്പോൾ (സമൃദ്ധി വരുമ്പോൾ അതു മനസ്സിലാക്കുകയോ സന്തോഷിക്കയോ ചെയ്കയില്ല) അതിനെ കാണാതെ മരുഭൂമിയിലെ വരണ്ട പ്രദേശങ്ങളിലും (ഫലകരമല്ലാത്ത ജീവിതം) നിവാസികൾ ഇല്ലാത്ത ഉവർനിലത്തിലും പാർക്കും." വിശുദ്ധി കാത്തുസൂക്ഷിച്ചിട്ടും പാനപാത്രവാഹകനിൽ ആശ്രയിച്ചതിനാൽ താൻ ഉപേക്ഷിക്കപ്പെട്ടു. എന്നിരുന്നാലും ദൈവത്തിന്റെ സമയം ആയപ്പോൾ യോസഫ് മോചിപ്പിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്തു.

### ദൈവസ്നേഹം ആശ്രയ യോഗ്യമാകുന്നു

ഉറച്ച പ്രാർത്ഥന പോരാളിയായ ജോസഫ് അചഞ്ചലമായ വിശ്വാസത്തിന്റെ ഉദാത്ത മാതൃകയാകുന്നു. സിംഹക്കുഴിയിൽ എറിയപ്പെട്ടപ്പോഴും

അവൻ സമ്പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചു. അവനു ഒരു ദോഷവും ഭവിച്ചില്ല (ദാനി.6:23). യെശയ്യാവിന്റെ മുന്നറിയിപ്പ് നാം ശ്രദ്ധിക്കുകയും മർത്യനായ മനുഷ്യനിലുള്ള ആശ്രയം ഉപേക്ഷിക്കയും വേണം. മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലും സാഹചര്യത്തിനു അനസരിച്ചു പലപ്പോഴും മാറുന്ന നമുക്കു ചുറ്റുമുള്ള മനുഷ്യരിലും ആശ്രയിക്കുന്നതിനു പകരം എല്ലാ സാഹചര്യത്തിലും ആശ്രയിക്കുവാൻ കഴിയുന്ന മാറ്റമില്ലാത്ത ദൈവത്തിൽ നമുക്കു ആശ്രയിക്കാം.

## യഹോവയിൽ ആശ്രയിക്കുന്നവർ ഭാഗ്യവന്മാർ

"യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; (പ്രശ്നങ്ങൾ കടന്നു വരും, എന്നാൽ അവർ അതിൽ ആകുലപ്പെടുകയില്ല കാരണം എല്ലാം ദൈവത്തിന്റെ നീയന്ത്രണത്തിലാണ്) അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ (പ്രതികൂലതകളുടെ നടുവിൽ അവർ സമാധാനം അനുഭവിക്കും) ഫലം കായിച്ചു കൊണ്ടിരിക്കും (ഫലകരമായ ജീവിതം)" (യിരെ.17:7,8). എന്റെ ഹൃദയം യഹോവയിൽ ആശ്രയിക്കുന്നു, അവൻ എന്നെ സഹായിക്കും – സങ്കി. 28:7; ഒലിവു വൃക്ഷം പോലെയാകും – സങ്കീ.52:8; യഹോവയിൽ ആശ്രയിക്കുന്നവൻ സുരക്ഷിതനായിരിക്കും – സദൃ.29:25; വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും ആകുന്നു നമ്മുടെ ബലം യെശ.30:15; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല റോമർ.9:33. ഈ അനുഗ്രഹങ്ങൾ എല്ലാം കർത്താവിൽ ആശ്രയിക്കുന്നതിൽ നിന്നാണ് ലഭിക്കുന്നത്.

ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ആയിരിക്കുന്ന നമ്മെ സെഖര്യാവ് ഓർമ്മപ്പെടുത്തുന്നു, സൈന്യത്താലുമല്ല, ശക്തിയാലുമല്ല, ദൈവത്തിന്റെ ആത്മാവിനാലത്രെ (സെഖ.4:6). ഈ വാക്യത്തിൽ പരാമർശിച്ചിരിക്കുന്ന ശക്തി, മനുഷ്യരുടെയും മൃഗങ്ങളുടെയും ദൂതന്മാരുടെയും ശക്തിയാണ്. സൈന്യം, സമ്പത്ത്, കഴിവ് എന്നിവയുടെ ബലത്താലുമല്ല. അവനിൽ മാത്രം ആശ്രയിക്കുക എന്നതിന്റെ അർത്ഥം ദൈവവചനത്തിലും, അവന്റെ പ്രവർത്തിയിലും ദൈവീക സമയത്തിലും ആശ്രയിക്കുക എന്നാകുന്നു. നമ്മുടെ കുടുംബത്തിലും ശുശ്രൂഷയിലും നമുക്കു ചുറ്റുമുള്ള സാഹചര്യം അത്ര പോസിറ്റിവായി തോന്നുന്നില്ലെങ്കിലും ദൈവത്തിൽ മാത്രം ആശ്രയിക്കുക. അതല്ലാതെയുള്ള നമ്മുടെ പ്രയത്നങ്ങൾ എല്ലാം വിഫലമാകും. യിസ്രായേലിന്റെ ശക്തനായ ദൈവം നമ്മുടെ ജീവിത യാത്രയിൽ നമ്മെ നയിക്കട്ടെ. വിജയത്തിലേക്കു വഴി നടത്തട്ടെ. ക്രിസ്തു നമ്മുടെ വിശ്വാസ യോഗ്യമായ നങ്കൂരമാകട്ടെ! ആമേൻ

മേഴ്സി സെൽവിൻ
– കമ്യൂണിക്കേഷൻ വിഭാഗം

# പിന്തുടരേണ്ട കാൽപാടുകൾ



## ഫ്രെഡറിക് വില്യം സാവിഡ്ജ്

ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ്ഷെയറിലെ ഒരു ചെറിയ ഗ്രാമമായ സ്ട്രെത്തമിൽ 1862 ൽ ഫ്രെഡറിക് വില്യം സാവിഡ്ജ് ജനിച്ചു. ബ്രിഗ്ഗ്സ് സാവിഡ്ജിന്റെയും അദ്ദേഹത്തിന്റെ ഭാര്യ സാറയുടെയും നാലാമത്തെ മകനായിട്ടാണ് ഫ്രെഡറിക് ജനിച്ചത്. ഈ കുടുംബം ബാപ്റ്റിസ്റ്റ് സഭയിലെ അംഗങ്ങളായിരുന്നു. സാവിഡ്ജ് വടക്കു കിഴക്കൻ ഇന്ത്യയിലെ ആദ്യകാല ഇംഗ്ലീഷ് ക്രിസ്തീയ മിഷനറിയായി. B.A; Ph.D എന്നീ ഡിഗ്രികൾ അദ്ദേഹം കരസ്ഥമാക്കിയിരുന്നു. ലണ്ടനിൽ ഒരു സ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്ന വേളയിൽ തന്റെ ഭാവി മിഷനറി പങ്കാളിയായ ജയിംസ് ഹെർബർട്ട് ലോറൈനെ കണ്ടെത്തി. ഇവർ രണ്ടു പേരും ഒരു സ്കൂളിലെ അദ്ധ്യാപകരായിരുന്നു. അവർ രണ്ടു പേരും ലണ്ടനിലെ ഹൈ ഗേറ്റ് റോഡ് ബാപ്റ്റിസ്റ്റ് സഭയിലെ പങ്കാളിത്തത്തിലൂടെ അവർ ഇരുവരും സുഹൃത്തുക്കളായി തീർന്നു. ഇന്ത്യയിൽ പ്രവർത്തിക്കുന്നതിനു ആർതിംഗ്ടൺ അബോറിജിൻസ് മിഷൻ വാഗ്ദാനം ചെയ്ത മിഷനറി പദവി സാവിഡ്ജ് സ്വീകരിച്ചു. 1891 ഒക്ടോബറിൽ അദ്ധ്യാപക ജോലി രാജി വെച്ച് ഇംഗ്ലണ്ടിൽ നിന്നു കൽക്കട്ടയിലേക്കു യാത്ര തിരിച്ചു. നവംബറിൽ കൽക്കട്ടയിൽ എത്തിച്ചേർന്നു. ഇപ്പോൾ ബംഗ്ലാദേശിന്റെ ഭാഗമായിരിക്കുന്ന ബ്രഹ്മൺബാരിയായിൽ ന്യൂസിലാന്റ് ബാപ്റ്റിസ്റ്റ് സംഘടിപ്പിച്ച ഇവാൻജലിക്കൽ ക്യാമ്പിൽ വെച്ച് ഫ്രെഡറിക്, ലോറൈനെ കാണുകയുണ്ടായി. 1890 ജനുവരി 1 മുതൽ ലോറൈൻ ഇന്ത്യയിൽ ഉണ്ടായിരുന്നു.

### ഇന്ത്യയിലെ മിഷൻ

സാവിഡ്ജും ലോറൈനും ത്രിപുരയിൽ പ്രവർത്തിക്കണമെന്നതായിരുന്നു ആർതിംഗ്ടൺ അബോറിജിൻസ് മിഷന്റെ പദ്ധതി. എന്നാൽ അവിടുത്തെ രാജാവിൽ നിന്നുള്ള എതിർപ്പിനെ അഭിമുഖീകരിക്കേണ്ടി വന്നു. തൽഫലമായി അവർ ചിറ്റഗോങ്ങിലേക്കു യാത്രയായി. അവിടെ കുറച്ചു നാൾ താമസിച്ചതിനു ശേഷം ലുഷായ് മലയിലേക്കു കയറുന്നതിനു

ള്ള അനുവാദത്തിനായി അപേക്ഷിച്ചു. ഈ കുന്നുകൾ ഗോത്ര തലവന്മാരുടെ കീഴിലായിരുന്നതിനാൽ അവരുടെ അപേക്ഷ നിരസിച്ചു. എന്നാൽ അവരെ കസലോങ് ഗ്രാമത്തിൽ പാർക്കുവാൻ അനുവദിച്ചു. ഈ പ്രദേശം കഠിനമായ ഭക്ഷ്യ ക്ഷാമത്താലും പകർച്ചവ്യാധികളാലും കഷ്ടപ്പെടുകയായിരുന്നു. ഈ രണ്ടു മിഷനറിമാർക്കു രണ്ടു മാസത്തോളം പട്ടിണി കിടക്കേണ്ടി വന്നു. അവർ ഗുരുതരമായ വയറിളക്കത്താലും കഷ്ടപ്പെട്ടു. അവരുടെ സ്വയ രക്ഷക്കായി കമ്മീഷണർ രംഗമതി അവർക്കു തോക്കു നൽകി. ഒരു കാട്ടു പന്നിയെപോലും വെടിവെക്കുവാൻ അവർക്കു വശമില്ലായിരുന്നു. അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനായി ഒരു ഡോക്ടർ അവരോടു ഡാർജലിംങ്ങിലേക്കു താമസം മാറ്റുവാൻ പറഞ്ഞു. അങ്ങനെ അവർ ചെയ്തു. ആരോഗ്യ നില അപകടത്തിലാകുമെന്നു ഭയന്നു ഡോക്ടർ അവരോടു ഇംഗ്ലണ്ടിലേക്കു തിരികെ പോകുവാൻ നിർദ്ദേശിച്ചു. എന്നാൽ അവർ ഇന്ത്യ വിട്ടു പോകയില്ലെന്നു തീരുമാനിച്ചു. അവിടെ നിന്നു അസമിലെ സിൽക്കാറിലേക്കു അവർ മാറി. അവിടെ ഒരു വർഷം (1893) പാർത്തു. ഈ കാലയളവിൽ അവർ ചില മിസ്സോ സന്ദർശകരെ കാണുകയും അവരുടെ ഭാഷ പഠിക്കുവാനും തുടങ്ങി.

ഒടുവിൽ അവർക്കു അനുവാദം ലഭിച്ചു. 1893 ഡിസംബർ 26 (ക്രിസ്തുദിനം) ഒരു തോണിയിൽ ത്‌ലാങ് നദിയിലൂടെ മിസോറാമിലേക്കു യാത്ര തിരിച്ചു. 1894 ജനുവരി 11 ന് അവർ മിസോറാമിന്റെ തലസ്ഥാനമായ ഐസ്വാളിൽ എത്തിച്ചേർന്നു. മിസോറാം ഈ ദിവസം പൊതു അവധി നൽകി മിഷനറി ദിനമായി ആഘോഷിക്കുന്നു. മിസോ ജനത കാണുന്ന ആദ്യത്തെ വിദേശികളാണ് സാവിഡ്ജും ലോറൈനും. ഇവർക്കു ഔദ്യോഗിക പദവികളൊന്നുമില്ലാതിരുന്നതിനാൽ അവർക്ക് സാപ് വാകായ് (വാഗബോണ്ട് സാഹിബ്) എന്ന വിളിപ്പേര് നൽകി. അവർക്കു സോസാപ് (മിസോ സാഹിബ് അഥവ ബഹുമാനപ്പെട്ട മാസ്റ്റർ) എന്ന പദവി നൽകി ആദരിച്ചു. മിസോ ജനത സാവിഡ്ജിനെ സാപ് ഉപ (പഴയ സാഹിബ്) എന്നും ലൊറൈനെ അദ്ദേഹത്തിന്റെ വ്യത്യസ്ഥമായ മുഖച്ഛായ നിമിത്തം പുബുവാംഗ (മിസ്റ്റർ ഗ്രേ) എന്നും മിസോ ജനങ്ങൾ വിളിച്ചിരുന്നു.

റോമൻ ലിപിയെ അടിസ്ഥാനമാക്കി അവർ മിസോ അക്ഷരമാല ഉരുവാക്കുവാൻ തുടങ്ങി. രണ്ടര മാസം കഴിഞ്ഞപ്പോൾ 1894 ഏപ്രിൽ ഒന്നിന് സാവിഡ്ജ് ആദ്യത്തെ സ്കൂൾ ആരംഭിച്ചു. സ്കൂളിൽ സൗക, തങ്ഘുംഗ എന്നീ രണ്ടു കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. മിസോ ഭാഷയിലെ ആദ്യത്തെ പുസ്തകം 1895 ഒക്ടോബർ 22 ന് പ്രസിദ്ധീകരിച്ചു. സാവിഡ്ജും ലോറൈൻസും ചേർന്നു ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളും അപ്പൊസ്തല പ്രവൃത്തികളും വിവർത്തനം ചെയ്തു. ലുഷൈ ഭാഷയിൽ വ്യാകരണ പുസ്തകവും ഭാഷാ നിഘണ്ടുവും 1898 ൽ പ്രസിദ്ധീകരിച്ചു. ഇത് മിസോ ഭാഷയുടെ അടിസ്ഥാനമായി തീർന്നു.

ആർതിംഗ്ടൺ മിഷൻ മിഷനറിമാരോടു പുതിയ മിഷൻ വയലിലേക്കു മാറുവാൻ ആവശ്യപ്പെട്ടു.

മിസോറാമിലെ പ്രവർത്തനം വെൽഷ് മിഷനു കൈമാറി. 1897 ഡിസംബർ 31 ന് സാവിഡ്ജും ലോറൈൻസും ഐസ്വാൾ വിട്ടു ഇംഗ്ലണ്ടിലേക്കു യാത്രയായി. എന്നാൽ ഒരു ഹ്ര്യസ്വ മെഡിക്കൽ പഠനം പൂർത്തിയാക്കിതിനു ശേഷം അസം ഫ്രോണ്ടിയർ പയനിയർ മിഷന്റെ കീഴിൽ അവർ താമസിയാതെ ഇന്ത്യയിലേക്കു മടങ്ങിവന്നു. അവർ ആദ്യം അബോർ, മിരി എന്നീ ഗോത്രക്കാരുടെ ഇടയിൽ അസമിലെ സദ്യയിൽ (ഇപ്പോൾ അരുണാചൽ പ്രദേശ്) പ്രവർത്തിച്ചു. അവിടെ അവർ സുവിശേഷങ്ങൾ പ്രാദേശിക ഭാഷയിലേക്കു പരിഭാഷപ്പെടുത്തുകയും ഒരു നിഘണ്ടു തയ്യാറാക്കുകയും ചെയ്തു. സാവിഡ്ജും ലോറൈനും 1903 മാർച്ച് 13 ന് ലുങ്ലെയിൽ എത്തി, സെർകൗണ്ടിൽ താമസമാക്കുകയും മിസോറാമിലെ ബാപ്റ്റിസ്റ്റ് ചർച്ചിനു തുടക്കം കുറിക്കുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ സാവിഡ്ജും ലോറൈനും വിവാഹിതരായി. സ്കോട്ടിഷ് ചർച്ച് മിഷൻ കൽക്കട്ടയിൽ നടത്തിയ ഗേൾസ് സ്കൂളിലെ പരിശീലനം ലഭിച്ച അദ്ധ്യാപികയായ അബർഡീനിലെ മാർഗരറ്റ് ഗ്രാന്റിനെ സാവിഡ്ജ് വിവാഹം ചെയ്തു. അവർ ഒരുമിച്ച് ബാപ്റ്റിസ്റ്റ് മിഷനറിമാരായി സേവനം ചെയ്തു. അവർ വിദ്യാഭ്യാസത്തിലും സാമൂഹ്യ ഉദ്ധാരണ പ്രവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു. ലൊറൈൻ ഇടയ ശുശ്രൂഷയിലും പരിഭാഷ പ്രവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു. 1921 ആയപ്പോഴെക്കും 421 കുട്ടികൾ പഠിക്കുന്ന 15 സ്കൂളുകൾ സ്ഥാപിച്ചു. സാവിഡ്ജിന്റെ വിദ്യാഭ്യാസ സംരംഭങ്ങൾ വിജയിച്ചു. 1919 ൽ പുതിയ മിഷനറിമാരുടെ സഹായത്തോടെ അവർ ഒരു ചെറിയ ആശുപത്രി ആരംഭിച്ചു. അത് ഇന്ന് ക്രിസ്ത്യൻ ഹോസ്പിറ്റൽ സെർക്കൗണായി വളർന്നു. അവരുടെ മകൻ സെസിൽ അർഥർ ഗ്രാന്റ് സാവിഡ്ജ് പിന്നീട് എഡ്റിസ് സോയാൻ മൗൾഡിനെ മിസോറിമിൽ വെച്ചു വിവാഹം കഴിച്ചു. സാവിഡ്ജിന്റെ പ്രീയപ്പെട്ട സ്നേഹിതൻ ജയിംസ് ഹെർബർട്ട് ലോറൈൻ തൻെറ പ്രവർത്തനത്തിലുടനീളം അദ്ദേഹത്തോടൊപ്പം തുടർന്നു.

## പിന്നിടുള്ള വർഷങ്ങൾ

സാവിഡ്ജിന്റെ ആരോഗ്യം ക്ഷയിച്ചതിനാൽ 1925 ൽ പ്രവർത്തനത്തിൽ നിന്നു വിരമിച്ചു. 1925 ഏപ്രിൽ 13 ന് മിസോറാം വിട്ട് തന്റെ ജന്മദേശമായ ഇംഗ്ലണ്ടിലേക്കു തിരികെ പോയി. അദ്ദേഹത്തൊടൊപ്പം സംസ്കരിക്കുവാനായി സെർകൗണ്ടിലെ ഒരു പാട്ട മണ്ണു കൂടി കൊണ്ടു പോയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മാർഗരറ്റ് തന്റെ 72 -ാമത്തെ വയസ്സിൽ 1933 ഏപ്രിലിൽ ബെഡ്ഫോർഡ്ഷിറിൽ നിര്യാതയായി. സാവിഡ്ജ് തന്റെ അവസാന വർഷങ്ങൾ സ്വന്ത സഹോദരി ശ്രീമതി. ഗൗട്രിയോടു കൂടെ സ്ട്രെത്തമിൽ താമസിച്ചു. പ്രമേഹം മൂലം അദ്ദേഹത്തിന്റെ ആരോഗ്യം വഷളായി. നീണ്ട കഷ്ടപ്പാടുകൾക്കു ശേഷം ഫ്രെഡറിക് വില്യം സാവിഡ്ജ് തന്റെ 73 -ാമത്തെ വയസ്സിൽ 1935 സെപ്റ്റംബർ 28 ന് നിത്യതയിൽ പ്രവേശിച്ചു. അവസാന ശ്വാസം വരെ കർത്താവിനോടു വിശ്വസ്തത പുലർത്തുകയും മിസോറാമിലെ ജനങ്ങൾക്കായി ജീവിതം സമർപ്പിക്കുകയും ചെയ്തു.

# Desk of Treasurer...

Dear Prayer Partners in Christ,

Greetings in the most precious name of our Lord and Saviour Jesus Christ.

I want to take a moment to offer collective praise and thanksgiving to God for His abundant protection and guidance over us throughout the past year. In every endeavour we have undertaken and every challenge we have faced, His divine hand has been upon us, guiding us with wisdom, strengthening us in adversity, and filling our hearts with hope and purpose.

God has done marvellous things for FMPB in the approval under Foreign Contribution (Regulation) Act 2010 (FCRA) for a period of five years with effect from 01.04.2024 (till 31.03.2029).

By the grace of God, the accounts of FMPB for the financial year 2023-24 got prepared and audited in time. The account was presented to Executive Committee through FMC on 21st September 2024 and presented before the General Body on 22nd September 2024. I thank our Auditor for their positive contribution and guidance, and the Finance Team for the timely completion.

The audited financial statements of FMPB for the Financial year 2023-24 is published in this issue for kind perusal and information.

Government has introduced new and additional statutory compliances for the Trusts and religious institutions to comply. I seek your sincere prayers to enable us to meet these challenges.

Income Tax Act, 1961 has laid down additional rules and limitations in respect of transactions in cash and its allowability under the Income Tax Act. It prohibits receipt of an amount of Rs. 2 Lakhs and above **in cash** from a person in a day or in a single transaction or **relating to one event**. In view of such restrictions, it is encouraged to Donors and supporters by sending the contribution and support through online transactions/transfers and avoid cash transactions.

A special word of thanks to all the Team members of Finance who worked enthusiastically in carrying out the day-to-day activities.

I thank each one of you for your commitment and service. May God bless you and your families abundantly as we press on toward even greater accomplishments in His name.

With gratitude and blessings,

Yours in Christ



**CA. L. Nelson**
Treasurer

# INDEPENDENT AUDITOR'S REPORT ON FINANCIAL STATEMENTS

To
The Members of
M/S. FRIENDS MISSIONARY PRAYER BAND

**Report on the Financial Statements:**
We have audited the Financial Statements of M/S. FRIENDS MISSIONARY PRAYER BAND, 29, High School Road, Ambattur, Chennai – 600 053 ("the Society"), which comprise of Balance Sheet as at 31st March 2024, the Income & Expenditure account and the Receipts and Payments account for the year ended 31st March 2024 and the notes to the financial statements consisting of summary of significant accounting policies.

In our opinion and to the best of our information and according to the explanations given to us,

> Subject to our "Observations on Financial Systems and Statements" attached to this Report, these Financial Statements of accounts of **M/S. FRIENDS MISSIONARY PRAYER BAND** give a true and fair view of the financial position of the Society as at 31st March 2024 and of its financial performance for the year then ended in accordance with the Accounting Standards issued by the Institute of Chartered Accountants of India (ICAI).

**Basis for Opinion:**
We have conducted our audit in accordance with Standards on Auditing (SAs) issued by the Institute of Chartered Accountants of India. Our responsibilities under those standards are further described in the *Auditor's Responsibilities for the Audit of the Financial Statement* section of our report. We are independent of the "M/s. Friends Missionary Prayer Band, Chennai" in accordance with the Code of Ethics issued by the ICAI, and have fulfilled our other ethical responsibilities in accordance with the Code of Ethics. We believe that the audit evidence we have obtained is sufficient and appropriate to provide a basis for our opinion.

**Responsibilities of Management and those charged with Governance for the Financial Statement:**
Management is responsible for the preparation and fair presentation of these financial statements that give a true and fair view of the state of affairs and results of operations in accordance with the accounting principles generally accepted in India. This responsibility includes the design, implementation and maintenance of internal control relevant to the preparation and presentation of these Financial Statements that give a true and fair view and are free from material misstatement, whether due to fraud or error.

JSAS & ASSOCIATES CHARTERED ACCOUNTANTS CHENNAI-40



Old No.: 92/7, New No.:46/7, 3rd Floor, T-Block (T-92) 5th Main Road, Annanagar, Chennai - 600 040.
Tel.: 044-4855 1833, 044-2626 3800, E-mail : office.jsas@gmail.com, Website : www.cajsas.com

In preparing the financial statements, management is responsible for assessing the entity's ability to continue as a going concern, disclosing, as applicable, matters related to going concern and using the going concern basis of accounting unless management either intends to liquidate the entity or to cease operations, or has no realistic alternative but to do so.

Those charged with governance are responsible for overseeing the Organization's financial reporting process.

**Auditor's Responsibilities for the Audit of the Financial Statement:**
Our objectives are to;

1. Obtain reasonable assurance about whether the financial statements as a whole is free from material misstatement, whether due to fraud or error, and to issue an auditor's report that includes our opinion. Reasonable assurance is a high level of assurance, but is not a guarantee that an audit conducted in accordance with Standards on Auditing (SAs) will always detect a material misstatement when it exists. Misstatements can arise from fraud or error and are considered material if, individually or in the aggregate, they could reasonably be expected to influence the economic decisions of users taken on the basis of these financial statements.

   As part of an audit in accordance with SAs, we exercise professional judgment and maintain professional scepticism throughout the audit. Identify and assess the risks of material misstatement of these Financial Statements, whether due to fraud or error, design and perform audit procedures responsive to those risks, and obtain audit evidence that is sufficient and appropriate to provide a basis for our opinion. The risk of not detecting a material misstatement resulting from fraud is higher than for one resulting from error, as fraud may involve collusion, forgery, intentional omissions, misrepresentations, or the override of internal control.

2. Obtain an understanding of internal control relevant to the audit in order to design audit procedures that are appropriate in the circumstances, but not for the purpose of expressing an opinion on the effectiveness of the entity's internal control.

3. Evaluate the appropriateness of accounting policies used and the reasonableness of accounting estimates, if any, and related disclosures made by management.,

4. Evaluate the overall presentation, structure and content of these Financial Statements, including the disclosures, and whether these Financial

Statements represent the underlying transactions and events in a manner that achieves fair presentation.

5. We have communicated with those charged with governance regarding, among other matters, significant audit findings, including any significant deficiencies in internal control that we identified during our audit.

Our responsibility is to express an opinion on these Financial Statements based on our audit. We conducted our audit in accordance with the Standards of Auditing (SA) as prescribed by the Institute of Chartered Accountants of India (ICAI). These Standards require that we comply with ethical requirements and plan and perform the audit to obtain reasonable assurance about whether these financial misstatements.

An audit involves performing procedures to obtain audit evidence about the amounts and disclosures in these Financial Statements. The procedures selected depend on the auditor's judgment, including the assessment of the risks of material misstatement, of these Financial Statements, whether due to fraud or error. In making those risk assessments, the auditor considers the internal control relevant to the entity's preparation and fair presentation of these Financial Statements in order to design audit procedures that are appropriate in the circumstance, but not for the purpose of expressing an opinion on the effectiveness of the entity's internal control. An audit also includes evaluating the appropriateness of the accounting policies used and the reasonableness of the accounting estimates made by the management, as well as evaluating the overall presentation of these financial statements.

We believe that the audit evidence we have obtained is sufficient and appropriate to provide a basis for our audit opinion.

For J S A S & Associates
Chartered Accountants
(FRN. 014859S)

John Ravindran Moses
Partner
(Mem. No. 028566)

Place: Chennai
Date:

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2024**

| EXPENDITURE | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. | INCOME | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. |
|---|---|---|---|---|---|
| **FOREIGN CONTRIBUTION A/C PAYMENTS** | | | **FOREIGN CONTRIBUTION A/C RECEIPTS** | | |
| **Programme Expenses:** | | | By Bank Interest- Savings Bank A/c | 77,865 | 1,68,621 |
| To Calamity Relief Expenses | - | 1,12,500 | By Fixed Deposit Interest | 57,50,957 | 33,70,062 |
| To Community Dev Child Care Expenses | 12,99,167 | 7,28,481 | By Donation Calamity Relief | - | 5,01,217 |
| To Community Dev Educational Exp. | 12,04,428 | 24,03,686 | By Donation Christmas Gift | 8,000 | 1,27,632 |
| To Community Dev Project Medical Care | 17,78,273 | 5,63,533 | By Donation - Church Construction | 21,94,606 | 35,97,241 |
| To Church Consruction | 7,09,523 | 17,56,396 | By Donation - Community Dev. Camps | 11,76,410 | 29,72,632 |
| **Administration Expenses:** | | | By Donation Community Dev - Child Care | 7,95,603 | 13,14,752 |
| To Bank Charges | 67,892 | 40,438 | By Donation Community Dev - Education | 24,26,428 | 1,22,27,485 |
| To Repairs & Renewals | 10,93,750 | 8,552 | By Donation General | 93,219 | 6,16,063 |
| To Meeting Expenses | 42,190 | 37,500 | By Donation - Building | 2,28,41,659 | 2,43,14,028 |
| To Staff Medical Expenses | 33,70,660 | 29,19,137 | By Donation HR Study Scholarship | - | 5,98,150 |
| **DOMESTIC PAYMENTS** | | | By Donation Medical | 37,69,053 | 95,83,630 |
| **Programme Expenses:** | | | By Donation - Monthly Pledge | 26,89,797 | 48,08,002 |
| To Calamity Relief Expenses | 8,73,428 | 20,000 | By Donation Training & Development | 5,93,739 | 10,74,200 |
| To Children Education Expenses | 2,33,64,884 | 1,87,84,542 | **DOMESTIC RECEIPTS** | | |
| To Children Higher Study Scholarship Expenses | 77,22,611 | 70,88,812 | By Bank Interest- Savings Bank A/c | 11,09,894 | 17,62,996 |
| To Church Construction | 5,58,35,367 | 6,44,32,924 | By Fixed Deposit Interest | 1,64,13,773 | 1,79,99,128 |
| To Community Dev Camp Expenses | | | By Donation - Annual Meet | 61,27,849 | 63,04,377 |
| Training & Development | 91,95,688 | 70,29,044 | By Donation - Calamity Relief | 37,93,392 | 2,60,410 |
| Community Dev Camp Exp | 5,50,70,727 | 6,01,57,270 | By Donation - Children Home Maintenance | 27,00,346 | 21,03,221 |
| Linguistic Work | 12,87,702 | 5,84,060 | By Donation - Christmas Gift | 3,85,48,546 | 3,91,85,173 |

JSAS & ASSOCIATES ★ CHARTERED ACCOUNTANTS ★ FRN 014859S CHENNAI-40

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2024**

| EXPENDITURE | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs | INCOME | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. |
|---|---|---|---|---|---|
| To Community Development Expenses | | | By Donation - Church Construction | 6,30,15,068 | 6,02,98,571 |
| Medical Care Expenses | 36,80,851 | 22,59,204 | By Donation Community Dev - Camp | 65,70,994 | 1,34,16,296 |
| Child Care Expenses | 16,89,50,150 | 14,66,89,934 | By Donation Community Dev - Child Care | 16,05,92,330 | 15,51,65,087 |
| Educational Expenses | 6,83,452 | 5,50,642 | By Donation - Community Dev. Education | 54,57,718 | 24,42,243 |
| Vocational Training Expenses | 18,75,000 | 31,57,475 | By Donation - Community Dev. Health Care | 3,89,946 | 3,21,830 |
| Adult Literacy | 67,961 | 5,30,935 | By Donation Field Equipments | 2,15,480 | 11,97,987 |
| To General, Hospitality & Maintenance | | | By Donation - Adult Literacy | 41,750 | 12,000 |
| Mission Field | 70,02,729 | 58,25,797 | By Donation - Linguistic Work | 10,41,300 | 5,61,490 |
| Others | 5,48,987 | 98,340 | By Donation General | 5,15,38,971 | 5,03,16,880 |
| To Medical Expenses | | | By Donation - Building | 71,89,935 | 30,87,257 |
| Mission Field | 83,94,045 | 90,42,476 | By Donation HR Study Scholarship | 15,03,848 | 14,24,671 |
| To Meeting Expenses | | | By Donation Medical | 56,92,173 | 69,16,928 |
| Mission Field | 3,93,674 | 9,68,549 | By Donation - Monthly Pledge | 37,07,49,718 | 36,13,95,994 |
| Annual Meet Expenses | 82,45,163 | 53,97,285 | By Donation - Music & Media | 3,89,891 | 5,56,841 |
| National Missionaries Conference | 1,70,33,224 | - | By Donation National Missionaries Conference | 54,70,495 | - |
| To Postage & Courier | | | By Donation National Navodaya Meetings | - | 12,500 |
| Mission Field | 2,02,359 | 2,20,881 | By Donation Through Field Congregation | 14,51,066 | 44,13,000 |
| Magazine Postage | 35,30,101 | 30,02,237 | By Donation - Training & Development | 48,19,375 | 44,24,314 |
| To Printing & Stationary | | | By Donation - Vehicles | 79,31,880 | 36,56,475 |
| Mission Field | 18,08,710 | 6,07,560 | By Donation Vocational Training | 8,150 | 11,000 |
| Magazine Printing | 1,06,47,679 | 1,39,16,828 | By Miscellaneous Income | 4,39,364 | 4,84,620 |
| To Promotional Material Expenses | 71,77,945 | 83,19,547 | By Sale of Vehicles | 4,24,500 | |

JSAS & ASSOCIATES ★ FRN 014895S CHENNAI-40 ★ CHARTERED ACCOUNTANTS

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

| INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2024 | | | | | |
|---|---|---|---|---|---|
| **EXPENDITURE** | **2023 - 2024 Amount in Rs.** | 2022 - 2023 Amount in Rs. | **INCOME** | **2023 - 2024 Amount in Rs.** | 2022 - 2023 Amount in Rs. |
| To Rent & Rates | | | By Pension Fund | **10,31,403** | - |
| Mission Field | **96,24,877** | 95,65,378 | By Interest on Income Tax Refund | **-** | 1,26,590 |
| To Repairs & Renewals | | | By Excess of Expenditure Over Income | **1,38,30,927** | 50,61,270 |
| Mission Field | **92,91,816** | 42,20,719 | | | |
| To Salary & Allowances | | | | | |
| Mission Field | **10,31,71,756** | 9,52,74,533 | | | |
| To Staff Higher Study Expenses | **2,76,992** | 1,64,706 | | | |
| To Telephone & Trunk Calls | | | | | |
| Mission Field | **21,90,859** | 22,15,581 | | | |
| To Travelling Expenses | | | | | |
| Mission Field | **1,78,24,587** | 1,82,96,200 | | | |
| To Vehicle Maintenance | | | | | |
| Mission Field | **1,33,56,374** | 1,34,24 | | | |
| **Administration Expenses:** | | | | | |
| To Audit Fees & Other Expenses | **2,65,500** | 1,35,700 | | | |
| To Bank Charges | **4,07,834** | 2,50,710 | | | |
| To Christmas Gift | **3,72,96,538** | 3,34,44,210 | | | |
| To Contribution To EPF | **2,38,57,621** | 1,92,52,464 | | | |
| To EPF Damages | **1,53,60,108** | 4,93,86,821 | | | |
| To EPF- Interest | **74,11,146** | 73,61,572 | | | |
| To FBF Gifts | **5,32,800** | 8,21,405 | | | |

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2024**

| EXPENDITURE | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. | INCOME | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. |
|---|---|---|---|---|---|
| To General, Hospitality & Maintenance | 31,68,873 | 90,43,625 | | | |
| To Gratuity | 52,33,295 | 83,84,522 | | | |
| To Legal Fees | 24,173 | 4,28,085 | | | |
| To Medical Expenses | 86,67,644 | 58,01,817 | | | |
| To Meeting Expenses | 31,63,623 | 35,62,881 | | | |
| To Office Maintenance | 36,87,186 | 30,04,321 | | | |
| To Pension Expenses | 1,22,04,413 | 1,15,66,507 | | | |
| To Postage & Courier | 26,61,376 | 25,28,968 | | | |
| To Printing & Stationary | 91,34,836 | 60,13,869 | | | |
| To Rent & Rates | 2,65,88,779 | 2,65,16,182 | | | |
| To Repairs & Renewals | 43,11,736 | 39,80,?11 | | | |
| To Salary & Allowances | 4,53,07,096 | 5,45,67, | | | |
| To Staff Welfare | | | | | |
| Holiday Allowance | 21,15,178 | 13,33,785 | | | |
| Warm Cloth Allowance | 28,26,600 | 22,98,985 | | | |
| Staff Welfare - General | 19,89,972 | 36,86,445 | | | |
| To SBF Gift | 1,07,821 | 1,73,940 | | | |
| To Subscription To Other Missions | | 26,500 | | | |
| To Taxes & Insurance | 10,16,742 | 5,81,438 | | | |
| To Taxes & Rates | 6,31,069 | 3,42,547 | | | |

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2024**

| EXPENDITURE | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. | INCOME | 2023 - 2024 Amount in Rs. | 2022 - 2023 Amount in Rs. |
|---|---|---|---|---|---|
| To Telephone & Trunk Calls | 11,65,536 | 11,42,328 | | | |
| To Travelling Expenses | 43,04,587 | 41,98,104 | | | |
| To Vehicle Maintenance | 21,87,263 | 19,30,218 | | | |
| To Depreciation - As per annexed Statement | 3,63,82,491 | 3,60,12,120 | | | |
| TOTAL | 82,09,07,416 | 80,81,92,863 | TOTAL | 82,09,07,416 | 80,81,92,863 |

REFERRED TO IN OUR REPORT OF EVEN DATE
For JSAS & ASSOCIATES
CHARTERED ACCOUNTANTS
FIRM REGN NO : 014858S

Place : Chennai
Date : 21.09.2024

JOHN BERLIN
GENERAL SECRETARY

L.NELSON
TREASURER

JOHN RAVINDRAN MOSES
PARTNER MEM. NO . 028566

UDIN : 24028566BKGRAB1766

## FRIENDS MISSIONARY PRAYER BAND

29 High School Road, Ambattur, Chennai - 600053

**DEPRECIATION STATEMENT FOR THE YEAR ENDED 31ST MARCH 2024**

| PARTICULARS | W.D.V. AS ON 31 March-2023 | ADDITIONS 2023 - 2024 | DELETIONS 2023 - 2024 | GROSS BLOCK | RATE OF DEPRECIATION | DEPRECIATION AMOUNT | W.D.V. AS ON 31-MAR-2024 |
|---|---|---|---|---|---|---|---|
| Bicycle | 11,82,192 | 1,43,070 | | 13,25,262 | 10% | 1,27,010 | 11,98,252 |
| Building on Lease Land | 75,982 | - | | 75,982 | 10% | 7,598 | 68,384 |
| Buildings* | 25,86,22,111 | 1,80,63,888 | | 27,66,85,999 | 10% | 2,71,38,264 | 24,95,47,735 |
| Computer | 1,67,797 | 5,34,809 | | 7,02,606 | 60% | 2,96,247 | 4,06,359 |
| Equipment | 2,73,52,382 | 25,31,948 | | 2,98,84,330 | 15% | 43,38,262 | 2,55,46,067 |
| Four/Six Wheelers | 68,19,295 | 64,09,629 | 2,60,000 | 1,29,68,924 | 15% | 14,83,456 | 1,14,85,468 |
| Furniture & Fittings | 17,62,916 | 4,11,750 | | 21,74,666 | 10% | 2,01,884 | 19,72,782 |
| Generator | 32,42,901 | 6,95,700 | | 39,38,601 | 15% | 5,50,463 | 33,88,138 |
| Land* | 12,11,22,289 | | 7,65,753 | 12,03,56,536 | 0% | - | 12,03,56,536 |
| Motor Cycle/Scooter | 1,26,08,465 | 34,19,051 | 1,64,500 | 1,58,63,016 | 15% | 22,39,306 | 1,36,23,710 |
| Construction in Progress | - | 2,39,67,357 | - | 2,39,67,357 | 0% | - | 2,39,67,357 |
| **TOTAL** | **43,29,56,331** | **5,61,77,202** | **11,90,253** | **48,79,43,280** | | **3,63,82,491** | **45,15,60,789** |

* *Reclasification of land to building*

REFERRED TO IN OUR REPORT OF EVEN DATE
For JSAS & ASSOCIATES
CHARTERED ACCOUNTANTS
FIRM REGN NO : 014859S

Place : Chennai
Date : 21.09.2024

JOHN BERLIN
GENERAL SECRETARY

L.NELSON
TREASURER

JOHN RAVINDRAN MOSES
PARTNER MEM. NO . 028566

UDIN: 24028566BKGRAB1766

## FRIENDS MISSIONARY PRAYER BAND

29 High School Road, Ambattur, Chennai - 600053

### BALANCE SHEET AS AT 31 MARCH 2024

| LIABILITIES | SCH | VALUE AS AT 31-MAR-2024 | VALUE AS AT 31-MAR-2023 | ASSETS | SCH | VALUE AS AT 31-MAR-2024 | VALUE AS AT 31-MAR-2023 |
|---|---|---|---|---|---|---|---|
| CAPITAL FUND | 1 | 50,97,50,339 | 52,35,81,266 | FIXED ASSETS | 6 | 45,15,60,789 | 43,29,56,331 |
| FUNDS | | | | INVESTMENTS | | | |
| Endowment Funds | 2 | 1,74,65,767 | 1,70,65,767 | Deposits with Banks | 7 | 40,75,48,004 | 42,37,65,893 |
| Staff Benefits Funds | 3 | 23,04,90,642 | 22,71,99,913 | CURRENT ASSETS | | | |
| Others Funds | 4 | 15,76,04,947 | 15,75,99,197 | Loans and Advances | 8 | 6,13,36,217 | 7,60,32,778 |
| | | | | TDS Receivable | | 34,38,045 | 17,83,861 |
| CURRENT LIABILITES | 5 | 4,22,08,392 | 3,97,25,550 | Security and Caution Deposit | | 5,67,840 | 5,67,840 |
| Earnest Money Deposit | | 85,943 | 85,943 | Cash in Hand | | 2,63,100 | 8,01,870 |
| | | | | Cash at Bank | 9 | 3,28,92,034 | 2,93,49,062 |
| TOTAL | | 95,76,06,030 | 96,52,57,636 | TOTAL | | 95,76,06,030 | 96,52,57,636 |

REFERRED TO IN OUR REPORT OF EVEN DATE
For JSAS & ASSOCIATES
CHARTERED ACCOUNTANTS
FIRM REGN NO : 0148595

Place : Chennai
Date : 21.09.2024

JOHN BERLIN
GENERAL SECRETARY

L.NELSON
TREASURER

JOHN RAVINDRAN MOSES
PARTNER MEM. NO . 028566
UDIN: 24028566BKGRAB1766

**നവംബർ**

# 1

**വെള്ളി**

## ജന്മദിനാശംസകൾ

കൈതിയെൻഗിൻ വയിഷൈ
തങ്ഗ്ലാൽ സൗ
മേരി മുർമ്മു ദിനേശ്

## ജമ്മു കാശ്മീർ

**മജാൽദ : വസാവ ഏഗലേശ് പ്രഭു & വസാവ സുനിത വാചിയ**

നാലു ഗ്രാമങ്ങളിലെ 256 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ശക്തമായ നീയന്ത്രണങ്ങൾ ഉണ്ടെങ്കിലും മഹാസ, ഭഗത് എന്നീ ജാതിക്കൂട്ടങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. താത്തി ഗ്രാമത്തിൽ ഗുനിചന്ദ്, ജ്ഞാനചന്ദ് എന്നീ സ്നേഹിതരെ ലഭിച്ചു. 13 വർഷമായി വിഷാദ രോഗത്താൽ കഷ്ടപ്പെട്ട ഭാൽവന്ത് സിങ്ങിനെയും രാകേഷ് കുമാറിനെയും കർത്താവ് സൗഖ്യമാക്കി. നമ്മുടെ മിഷനറി സഞ്ചരിച്ച വാഹനത്തിനു കുറുകെ നായ ചാടിയതിന്റെ ഫലമായി വീണു പരുക്കു പറ്റിയ മിഷനറിയുടെ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

ഈ മിഷൻ വയലിൽ ആരാധന നടത്തുന്നതിനു ഒരു പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ വളരുന്ന സെല്ലല, മാൻവാൽ, റാംകോട്ടെ എന്നിവർ സാമൂഹ്യ ഭയം നിമിത്തം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറാകുന്നില്ല. ഗ്രാമങ്ങളിൽ ആരംഭിച്ച കുട്ടികളുടെ ഇടയിലെ ശുശ്രൂഷയിലൂടെ അവരുടെ രക്ഷിതാക്കളെ വിശ്വാസത്തിലേക്കു ആകർഷിക്കുവാൻ സാധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ആർ എസ് പുര**

**എൻ. ലുൻമിൻതാങ് ബൈതെ & ലാമ്നെയ്തിങ് തൗതാങ്**

അഗാസ സഭയിലെ ആരാധന പുനരാരംഭിച്ചു. പ്രാർത്ഥനയുടെ ഫലമായി വിജയ്, പ്രീയ ദമ്പതികൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. അഞ്ചു ഗ്രാമങ്ങളിലുള്ള 750 വ്യക്തികളോടു സുവിശേഷം അറിയിച്ചു.

കുലിയാൻ സഭയിലെ പിന്മാറ്റത്തിലായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പാപിൽ ദേവി കാൻസർ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

**കർസോങ്**

**പവൻ കുമാർ & പ്രഭാഷിണി ദേവി**

ജോലിയില്ലാതെ ഭാരപ്പെട്ട ഭർത്താവ് റിക്കുവിനു വേണ്ടി സുഷമ ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവത്തിന്റെ വലിയ കൃപയാൽ അവനു പോലിസ് അസിസ്റ്റന്റ് ആയി ജോലി ലഭിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അധരത്തിലും വയറ്റിലും കാൻസർ ബാധിച്ച പ്രീയയെ കർത്താവ് സൗഖ്യമാക്കി.

കാൻസറിന്റെ മൂർത്തന്യാവസ്ഥയിൽ ആയിരിക്കുന്ന ശ്രീനാനാക്ക് സന്ധിന്റെ ആശ്വാസത്തിനും സൗഖ്യത്തിനുമായി പ്രാർത്ഥിക്കുക. അപകടത്തിൽ രണ്ടു കരങ്ങളും നഷ്ടപ്പെട്ട ഗോകുൽ റാമിന്റെയും പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന അയാളുടെ മകൾ ഡെയ്സിയുടെയും വിടുതലിനായി പ്രാർത്ഥിക്കുക.

## നവംബർ 2 ശനി

### റൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

മൂന്നു വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടാം നിലയിൽ നിന്നും താഴെ വീണ ഹർസിങ്ങിന്റെ സംസാര ശേഷി നഷ്ടപ്പെട്ടു. അയാളുടെ കൊച്ചുമകളുടെ പ്രാർത്ഥനയുടെയും ചികിത്സയുടെയും ഫലമായി കർത്താവ് അയാളെ സൗഖ്യമാക്കി. TAFTEE യിലൂടെ വേദപുസ്തകം പഠിച്ച് അഞ്ചു പേർ ബിരുദം നേടി. അപകടത്തിൽ പെട്ട പ്രാദേശിക സുവിശേഷകൻ വിക്കി കാര്യമായ പരുക്കുകളേൽക്കാതെ രക്ഷപ്പെട്ടു. ഡാൻവിക്കു B.Sc Forestry പഠിക്കുന്നതിനു പ്രവേശനം ലഭിച്ചു. വീടിനുള്ളിലുണ്ടായിരുന്ന കരിമൂർഖനിൽ നിന്നും ജീനയും കുടുംബവും രക്ഷപ്പെട്ടു.

ഉദരത്തിൽ ഉണ്ടായ മാംസവളർച്ചയാൽ കഷ്ടപ്പെടുന്ന നയാരയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ ദുരിതം അനുഭവിക്കുന്ന പൂനത്തിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

### അന്നി

**ജിൻ സ്വാ & ചിങ് ഹോയ്കിം**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 25 കുട്ടികൾ വിബിഎസിൽ സംബന്ധിച്ചു ദൈവവചനം പഠിച്ചു. ഹൃദയ സംബന്ധമായ രോഗത്താൽ വലഞ്ഞ നട്ടാർ സിങ് വിടുതൽ പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും വർഷ വിടുതൽ പ്രാപിച്ചു.

പൈശാചിക പോരാട്ടത്തിനാൽ അടിക്കടി രോഗികളാകുന്ന നമ്മുടെ വിശ്വാസിയായ ഹേമ ദേവിയുടെയും അവളുടെ കുടുംബാംഗങ്ങളുടെയും വിടുതലിനായി പ്രാർത്ഥിക്കുക. മഹേഷിന്റെ കുടുംബത്തിന്റെ ആശയ കുഴപ്പങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങളുടെയും സഭാ വിശ്വാസികളുടെയും സംയുക്തമായി നീഥർ ഗ്രാമത്തിൽ നടത്തുവാനുദ്ദേശിക്കുന്ന ഉപവാസ പ്രാർത്ഥന തടസ്സമില്ലാതെ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. രാജ്കുമാർ ദുഷിച്ച കൂട്ടുകെട്ടു ഉപേക്ഷിച്ചു മാതാപിതാക്കളെ അനുസരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റിക്കോങ്പിയോ

**എ ശങ്കർ & രൂത്ത് മേരി**

മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ശങ്കാല ഗ്രാമത്തിലെ ആരാധന യോഗത്തിൽ സുനിത, വിമല, ജെർമ, രാജ്കുമാര, സാവിത്രി എന്നിവർ പങ്കെടുക്കുന്നു. പ്രാർത്ഥനയുടെ ഫലമായി രാജുറായുടെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. പ്രാർത്ഥനയുടെയും ചികിത്സയുടെയും ഫലമായി സന്ധ്യയുടെ കരൾ സംബന്ധമായ രോഗം സൗഖ്യമായി

ബീർമാനുവിനെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ അവസാന സ്റ്റേജിലായ ഇമ്മൻ സിങിന്റെ പിതാവിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രവർത്തനത്തിനെതിരെ പ്രവർത്തിക്കുന്നതിനു പദ്ധതി തയ്യാറാക്കുന്ന സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മൂലക്കുരുവിന്റെ പ്രയാസത്തിൽ നിന്നും ഗുബിരാജ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

മാർഗരറ്റ് ജോതിമണി എ

### ജീയോറി : ജാംഖോങ്ഗാം & ഐെറിൻ ലെതെൻമൗങ് ഹയോകിപ്

165 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 13 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. വിളർച്ച രോഗം ബാധിച്ച് ക്ഷീണിതയായ കെയാൻ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു.

ഒരു ജോലിയും ചെയ്യാതെ ബലഹീനയായ രാംകാലിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തത്തിൽ യൂറിയായുടെ അളവ് കൂടിയതിനാൽ വൃക്കയുടെ പ്രവർത്തനം മന്ദീഭവിച്ച രാജ്കുമാറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക പിന്മാറ്റ ജീവിതം നയിച്ച ഉഷ, പാത്തി എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### മാൻസ

### ദബർത്ത വിശ്വാസ് & മന്ന സിങ്

പുറം വേദന നിമിത്തം മൻജിത് സിങിനു ജോലി നഷ്ടപ്പെട്ടെങ്കിലും പ്രാർത്ഥനയിലൂടെ അവനു സൗഖ്യവും മറ്റൊരു ജോലിയും ലഭിച്ചു. സന്ദീപ് പ്രാർത്ഥനയുടെ ഫലമായി ഒരു പുതിയ വീട് വാങ്ങി. വിശ്വാസികൾ പ്രാർത്ഥിച്ചതിന്റെ ഫലമായി ഗുരുസരൻ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനായി.

സുർജിത് സിങിനു വസ്തു സംബന്ധമായ കേസിൽ കോടതിയിൽ നിന്നു അനുകൂല വിധി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുർജിത്, പ്രേംകാലൻ, ഉർധ, ഷിദവാദ എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷ യോഗം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. വിവിധ സംസ്ഥാനങ്ങളിൽ ജോലി തേടി പോയവരുടെ ആത്മീക പരിപോഷണത്തിനായി പ്രാർത്ഥിക്കുക.

### അഹമദ്ഗാട് മാന്ദി

### കൃപ രക്ഷണ ബാരെ & ഷക്കീന

ഈ മിഷൻ വയലിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. അനേക സ്വദേശ സുവിശേഷകരും വിശ്വാസികളും ഈ പ്രാർത്ഥനയിൽ പങ്കെടുത്തു സ്വന്ത ജനത്തിന്റെ വിടുതലിനായി പ്രാർത്ഥിച്ചു. ബാലെയവാൾ, അലാകമീർ, ലാൽദാല എന്നീ ഗ്രാമങ്ങളിൽ ആദ്യമായി സുവിശേഷം വ്യക്തിഗതമായി പങ്കുവെച്ചു. വിഷപാമ്പിന്റെ ദംശനമേറ്റ ഹർപ്രീതിന്റെയും കുടലിൽ അണുബാധയുണ്ടായ നികിതയുടെയും മഞ്ഞപിത്തത്താലും ടൈഫോയ്ഡിനാലും കഷ്ടപ്പെടുന്ന ദീപക്കിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു ഭയപ്പെടുന്നവരുടെ ഉള്ളിലെ ഭയം മാറി അവർ ധൈര്യപൂർവ്വം വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കഴുത്തിലുണ്ടായ മുഴയാൽ ഭാരപ്പെടുന്ന മൻപ്രീത് കൗറിന്റെയും ക്ഷയരോഗിയായ റീനയുടെയും കരളിൽ അണുബാധയുണ്ടായ ദീപക്കിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

നവംബർ

# 4

തിങ്കൾ

## ജന്മദിനാശംസകൾ

മുത്ത രത്ന കുമാരി സതീഷ്

### ജയ്തോ

**ചിത്തരഞ്ജൻ താണി & തേജസ്വിത**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സഭാമൂപ്പന്മാർക്കു ആത്മാക്കളെ ആദായപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകി. ഏഴു വർഷമായി നട്ടെല്ലു സംബന്ധമായ വേദനയാൽ ഭാരപ്പെട്ട മോണിക്ക നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സോഗൻലാൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജസ്പാൽ, റാണി കൗർ, രാജേന്ദ്ര, മണിന്ദർ സിങ് എന്നിവർ യേശുവിനെ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധരംസിങ്, ധരൺബിർ സിങ്, ജാസ്ബൻ സിങ് എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### രത്തിയ

**കാർത്തികേയൻ & ജയന്തി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും അപസ്മാര രോഗത്തിൽ നിന്നും വിക്രം വിടുതൽ പ്രാപിച്ചു. എട്ടു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ടൈഫോയ്ഡിനാൽ കഷ്ടപ്പെടുന്ന സീമറാണിയും അണുബാധയേറ്റ ഹർപ്രീത് സിങിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ വലയുന്ന മജ്ജു റാണിയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

അക്കോ, രമേശ് എന്നിവരുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മാറിടത്തിൽ കാൻസർ ബാധിച്ച ലക്ഷ്മിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ചാരായ കച്ചവടത്തിനു പകരം ബൽവീർ സിങ്ങിനു മറ്റൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്വസന സംബന്ധമായ രോഗത്താൽ വലയുന്ന രാമ, സോമാത് എന്നിവരുടെയും ക്ഷയ രോഗികളായ അമർ, ബബ്ലി, ബോബി എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ദൈവം, വിമോചകൻ!

മദ്ധ്യപ്രദേശിൽ കാന്തുവ മിഷൻ വയലിലുള്ള നവൽപുര ഗ്രാമത്തിലെ ഭീംസിങിന്റെ മകൾ ലക്ഷ്മിയെ പൈശാചിക ശക്തികൾ കഷ്ടപ്പെടുത്തി. വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവൾ വിടുവിക്കപ്പെട്ടു. സമാധാന ജീവിതം നയിക്കുന്നു. എന്നിട്ടും അവളുടെ പിതാവ് വിശ്വാസത്തിൽ നിന്നു വ്യതിചലിച്ച് മന്ത്രവാദികളുടെ സഹായം തേടി. ലക്ഷ്മി വീണ്ടും പൈശാചിക ബന്ധനത്തിലായി. അവൾ ബഹളം ഉണ്ടാക്കുകയും പല്ലു കടിക്കുകയും സ്വയം മുറിവേല്പിക്കുകയും ചെയ്തു. ദൈവാലയത്തിൽ നടന്ന ഒരു ഉപവാസ പ്രാർത്ഥനയിൽ ലക്ഷ്മിയെ കൊണ്ടുവന്നു. ദുരാത്മാവ് വിട്ടു പോകുന്നതിനു മുമ്പ് ദീർഘനേരം അവളെ വലെച്ചു. ഇപ്പോൾ അപ്പനും മകളും അവരുടെ സാക്ഷ്യം ബന്ധുമിത്രാദികളോടു പങ്കുവെക്കുകയും ദൈവം നൽകിയ വിടുതലിനായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

**നവംബർ 5 ചൊവ്വ**

## ജന്മദിനാശംസകൾ

ജയശ്രീ. എസ്

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപീക**

സഭാമൂപ്പന്മാർക്കു വേണ്ടി സംഘടിപ്പിച്ച പരിശീലന പ്രോഗ്രാമിലൂടെ സഭയുടെ ശുശ്രൂഷ ഉത്തരവാദിത്വത്തോടു കൂടി ചെയ്യുവാൻ അവരെ ഉത്സാഹിപ്പിച്ചു. ദാബാവാലിയിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 34 വനിതകൾ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. അബുസെഹാർ പ്രദേശത്ത് സത്സാംഗ് പ്രോഗ്രാം നടത്തുവാൻ തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 200 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 20 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. ബാൽമികി, മഹാശ എന്നീ ജാതിക്കൂട്ടങ്ങളിലുള്ള പുതിയ കുടുംബങ്ങൾ ആരാധനയിൽ സംബന്ധിക്കുന്നു.

ദാബാവാലിയിലെ ഗോപാൽ റാം മിഷനറിമാരെ ക്ഷണിച്ചു അവരുടെ കുടുംബത്തെ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വഴിനടത്തുന്നതിനായി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. അബുസെഹാർ ഗ്രാമത്തിൽ പതിവായി സത്സാംഗ് പ്രോഗ്രാമും വിശ്വാസികളുടെ യോഗവും നടത്തേണ്ടതിനും വിശ്വാസികൾ വിശ്വാസത്തിൽ വളർന്നു പുതിആളുകളെ ക്രിസ്തുവിങ്കലേക്കു വഴി നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. ബാൽമിക, മാലി, കുമഹാർ, മഹാശ, ധനാക് എന്നീ ജാതിക്കൂട്ടങ്ങളിലുള്ളവർ ആരാധനയിൽ സംബന്ധിക്കുന്നുണ്ടെങ്കിലും യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനുള്ള ധൈര്യം അവർക്കില്ല. പരിശുദ്ധാത്മാവാം ദൈവം അവരെ ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ധർവാദ/ ബിലാദിയ

**ദേവു ബായി ഗംഗാജു ബായി & ജാമു ബൻ**

28 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി തീർന്നു. മധുഗമദ ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. ഊസ്ളോ, നാരായമ്പ, അമർപുക എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അനവധി ആളുകൾ അവസാനം വരെ ഇരുന്നു സുവിശേഷം ശ്രവിച്ചു. 30 വ്യക്തികൾ പ്രാർത്ഥനക്കായി അപേക്ഷിച്ചു. അനേക രോഗികൾ സൗഖ്യം തേടി വന്നു. ദൈവത്തിന്റെ കൃപയാൽ നിലേശ് ക്ഷയ രോഗത്തിൽ നിന്നും ജീവി പക്ഷാഘാതത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

ഗ്രാമത്തിലുള്ള എതിർപ്പുകൾ കാരണം വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു മടിക്കുന്നു. കഴിഞ്ഞ എട്ടു മാസമായി രക്തസ്രാവത്താൽ കഷ്ടപ്പെടുന്ന റീനയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പെട്ടെന്നു കേൾവി നഷ്ടപ്പെട്ട ഊദപേട ഗ്രാമത്തിലെ കൃഷ്ണയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്താൽ കഷ്ടപ്പെടുന്ന മാൻസു, ദീപിക, ഹൻജ, സാമാസ് എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മധുഗമട ഗ്രാമത്തിൽ ആരംഭിച്ച ആരാധനക്കൂട്ടം പുരോഗതി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന
ദിനം

**ഹനുമാൻഘട്ട് : മുദവാത്തു രാജു & ബുക്കിയ ഝാൻസി**

രണ്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ദീർഘനാളത്തെ പ്രാർത്ഥനയുടെ ഫലമായി ക്രീഷിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ഈ പ്രദേശത്തുള്ള യുവജനങ്ങൾ തമ്മിലുള്ള വഴക്കുകൾ പരിഹരിക്കുവാൻ നമ്മുടെ സഭാമൂപ്പൻ റാപ്പ്സിങിനെ ദൈവം ഉപയോഗിച്ചു.

കുടലിൽ ഉണ്ടായ അണുബാധ നിമിത്തം കഷ്ടപ്പെടുന്ന ജാസ്കറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ അടിമകളായ മൽകകിത് സിങ്, പ്രേംജിത് സിങ് എന്നിവരുടെ വിടുതിലിനായി പ്രാർത്ഥിക്കുക.

**സമരാണിയ : മീനുക അദെഷ & രാമപുരം പെദക്ക**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ സംഘടിപ്പിച്ച യുവജന ക്യാമ്പിൽ 28 യൗവ്വനക്കാർ പങ്കെടുത്തു. സാക്ഷ്യമുള്ള ജീവിതം നയിക്കുന്നതിനും ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ പങ്കാളികളാകുന്നതിനും അവർ തീരുമാനം എടുത്തു. സ്വന്തജനങ്ങളുടെ മാനസാന്തരത്തിനായി നടത്തിയ രണ്ടു ദിവസ ഉപവാസ പ്രാർത്ഥനയിൽ 65 പേർ പങ്കെടുത്തു. മൂന്നു ഗ്രാമങ്ങളിൽ അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു.

സ്തോത്രകാഴ്ചയുടെ പണം തന്റേതാണെന്നു അവകാശപ്പെട്ടു കൈവശം വെച്ചിരിക്കുന്ന സിക്കാരി സഭയിലെ മൂപ്പന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിഷ പാമ്പിന്റെ കടിയേറ്റു മരിച്ച ചെറു ബാലികയുടെ പിതാവായ കലുഭായിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ ശുശ്രൂഷയെ സഹായിക്കുന്ന ബേക്കബരേല, കൈലാസ് എന്നിവർ വൃക്കസംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജുൻജുനു**

**ഡി അരുൾരാജ് എബനേസർ & ദെബോര ഡി റോസ്ലിൻ**

കാൻസറിന്റെ മൂർത്തന്യവസ്ഥയിൽ ആയിരിക്കുന്ന ശർമ്മിളയുടെ മകൾ ലൗവ്ലിയോടു സുവിശേഷം പങ്കുവെച്ചു. ശീതൾ, ഭാഗ്യശ്രീ എന്നിവർ വിശ്വാസ ജീവിത യാത്രയിൽ മുന്നേറുന്നു. കൗമാരക്കാരുടെ മദ്ധ്യേ ആരംഭിച്ച വേദപഠന ക്ലാസ്സിൽ ഒമ്പതു കൗമാരക്കാർ സംബന്ധിച്ചു ആത്മീക വളർച്ച പ്രാപിക്കുന്നു. പ്രാർത്ഥനയുടെ ഫലമായി രാജേഷിന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കാണുന്നു. സ്കൂളിൽ പഠിക്കുന്ന സഹപാഠികളോടു അവൻ സുവിശേഷം പങ്കുവെക്കുന്നു.

നമ്മൾ വേദപഠന ക്ലാസ്സ് എടുത്ത AG ആരാധനക്കൂട്ടത്തിലെ യുവജനങ്ങൾക്കു ഉപജീവന മാർഗ്ഗത്തിനായി നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ വളരുന്ന കോമളിനു ഉത്തമ ക്രിസ്തീയ വിശ്വാസിയായ ഒരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സണ്ടേസ്കൂളിൽ സംബന്ധിക്കുന്നതിനു താൽപര്യമില്ലാതെ വിശ്വാസത്തിൽ നിന്നും പിന്മാറുന്ന കുഞ്ഞുങ്ങൾ കർത്താവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബാലസുബ്രമണ്യൻ @ സൈമൺ പീറ്റർ

### അൽവാർ ബാലഭവനം

**കെ ബങ്കാരു നായ്ഡു & അനുരാധ**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങ ളായി. രാത്രി യോഗങ്ങൾ, ഫിലിം പ്ര ദർശനം, സ്ത്രീകളുടെയും കുട്ടികളു ടെയും ക്യാമ്പ് എന്നിവ അനുഗ്രഹക രമായി നടത്തി. ദുലീദ ഗ്രാമത്തിലെ മനോജ് സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

പിന്മാറ്റത്തിലായിരിക്കുന്ന കന്ദിഗ ഗ്രാമത്തിലെ ആശ, കാജൽ, രാധ, പൂനം എന്നിവർ വിശ്വാസത്തിലേക്കു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ ഫൂൽചന്ദിന്റെ കഴു ത്തിലെ എല്ലിനു പൊട്ടലുണ്ടായി സൗഖ്യ ത്തിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & സുമിത്ര ബൻ**

സീതാപൂർ, ശാന്തിപൂർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാ ധനക്കൂട്ടം രൂപീകരിച്ചു. കെട്ടിട നിർ മ്മാണത്തിൽ ഏർപ്പെട്ടിരുന്ന സുന്ദർലാല രണ്ടാം നിലയിൽ നിന്നു താഴെ വീണ വേളയിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു. പൈ ശാചിക ബന്ധനത്തിൽ നിന്നു ഭാൻസിഗ വിടുതൽ പ്രാപിച്ചു.

ശ്വസന സംബന്ധമായ പ്രയാസ ത്തിൽ നിന്നും കസിനി ബന്നിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂജക്കു ദൈവഭയമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂജക്കു വിദ്യാഭ്യാസ മുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ട തിനും 16 വയസ്സുകാരനായ ആശിഷ് മയക്കു മരുന്നിന്റെ അടിമത്വത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതി നായും പ്രാർത്ഥിക്കുക. കാലാസാർ രോഗത്താൽ കഷ്ടപ്പെട്ട വിനോദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**നനക്മാത : വി രാമസ്വാമി ജറോം & അന്തോണി രാജം**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഹെർണിയ രോഗത്തിൽ നിന്നും ജിത്ത് സിങ് പൂർണ്ണ സൗഖ്യം പ്രാപിച്ചു. പാൽ ഉല്പന്നങ്ങളുടെ ഒരു കട തുടങ്ങുന്നതിനു ദൈവം സത്വീ ന്ദറിനെ സഹായിച്ചു. കീടനാശിനി അടിച്ച വേളയിൽ അതു ബാധിക്കപ്പെട്ടു ശിവാനി മയങ്ങി വീണു. ആശുപത്രിയി ലെത്തിച്ച വേളയിൽ ദൈവം അവളെ അത്ഭുതകരമായി സൗഖ്യമാക്കി. തുടർമാനമായ പീഡനം ഉണ്ടായിട്ടും സുന്ദർ കോളനിയിലെ വിശ്വാസികൾ വിശ്വാസത്തിൽ ശക്തരായിരിക്കുന്നു.

സിന്ദാർ സിങിന്റെ രണ്ടു കൈക ളിലുമുണ്ടായ മുഴ നിമിത്തം ജോലി ചെയ്യുന്നതിനോ ഭക്ഷണം കഴി ക്കുന്നതിനോ സാധിക്കുന്നില്ല. എട്ടു വർഷമായി മക്കളില്ലാതെ ഭാരപ്പെടുന്ന ഗുരുപ്രീത് സിങ് - മഞ്ജിത് കൗർ ദമ്പതികൾക്കു മക്കളെ നൽകി അനു ഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടലിൽ കാൻസർ ബാധിച്ച രാജീവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈ ശാചിക ബന്ധനത്തിൽ നിന്നും ലവ്ജിത് സിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നവംബർ 8 വെള്ളി**

### ദിനേശ്പൂർ

**ശിവകുമാർ & സുശീല മാർഗ്**

അഞ്ചു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. പ്രാർത്ഥനയുടെ ഫലമായി ഗീതക്കു ഒരു മകനെ ലഭിച്ചു. പ്രാർത്ഥനയുടെയും ചികിത്സയുടെയും ഫലമായി ഓം പ്രകാശിനു കാഴ്ച ലഭിച്ചു.

രണ്ടു പ്രാവശ്യം ഹൃദയസ്തംഭനം ഉണ്ടായ സഭാമൂപ്പൻ രാജ് റാണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ച പരംജിത്തും കുടുംബവും വിശ്വാസം ജാഗ്രതയോടെ പിൻതുടരേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി നിമിത്തം കുടിയേറി പോയ ബബ്ലു, അനാർക്കലി എന്നീ കുടുംബങ്ങൾ സുരക്ഷിതരായിരിക്കേണ്ടതിനും അവർ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മദ്യ വ്യാപാരം നിറുത്തുന്നതിനു മാൻസിങിനു മറ്റൊരു ഉപജീവന മാർഗ്ഗം ദൈവം കാണിച്ചു കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ജാലൗൻ

**രാകേഷ് രത്തിലാൽ ഗവിത് & ഇർഗർ രേഷ്മ മാരുതി**

ഒരു ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. ഒരു പുതിയ നിയമം നൽകി. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഭവനസന്ദർശനം നടത്തി വ്യക്തഗത സുവിശേഷ വേല ചെയ്തു. അനുധാവന പ്രവർത്തനം നടത്തി. വിശ്വാസ പ്രഖ്യാപന സമ്മേളനം വിജയകരമായി സംഘടിപ്പിച്ചു. ഭഗവൻപുര, ഗോരുബ്പുര എന്നീവിടങ്ങളിൽ ക്രിസ്തീയ കൂട്ടായ്മകൾ നടത്തി വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നു. മൊഗ്രേൽ ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു.

പുതിയ ഗ്രാമങ്ങളിൽ പ്രത്യേകാൽ ലാൽപുര ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരളിൽ ഉണ്ടായ നീർവിക്കത്താൽ കഷ്ടപ്പെടുന്ന ചാഹാത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സിക്കന്ദ്ര

**പച്ചിയ ബായ് & സവിത ബൻ**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. 15 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. നാലു ഗ്രാമങ്ങളിൽ നടത്തുന്ന വേദപഠന ക്ലാസ്സുകളിലൂടെ വിശ്വാസികൾ ആത്മീകമായി വളരുന്നു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ നന്ദു ഗ്രാമത്തിലെ സതീഷ് ശസ്ത്രക്രീയക്കു വിധേയനായി രോഗത്തിൽ നിന്നും മുക്തനാകുവാൻ ദൈവം സഹായിച്ചു. ദൈവാലയ നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചു. റാമ്പാൽ, ജിത്തേന്ദ്ര, ആകാശ് എന്നിവരുടെ കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന കുടുംബങ്ങൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു പരിശുദ്ധാത്മാവ് വഴിനടത്തേണ്ടതിനായി പ്രാർത്ഥിക്കുക. നിനോഹര, നന്ദു, ലാദ്പൂർ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ചെല്ലദുരൈ ജെ
ജറാൾഡ് സേവ്യർ

### ഫീൽഡ് റിസേർച്ച് & ഡാക്യുമെൻറ്റേഷൻ

**എൽ മാസിലാമണി; ജെ എഡ്വേർഡ് ജപസിങ് & ആഗ്നസ്**

സജീവ സേവനത്തിൽ നിന്നും വിരമിച്ച അഞ്ചു മിഷനറിമാരെ ഇന്റർവ്യൂ ചെയ്തതു വിഡീയോ റിക്കോർഡു ചെയ്തു. ആന്ധ്ര സംസ്ഥാനത്തിൽ ജലപ്രളയം ഉണ്ടായിട്ടും പല ട്രെയിനുകളും റദ്ദു ചെയ്തിട്ടും ദൈവകൃപയാൽ നാം പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും വിജയകരമായി നടത്തി.

മതപരിവർത്തന നിരോധന നിയമം ചുമത്തി ഉത്തർപ്രദേശിലെ ഹസിയബാദിൽ നാലു വ്യക്തികളെയും മധുരയിൽ അഞ്ചു വ്യക്തികളെയും ജയിലിൽ ഇട്ടിരിക്കുന്നു. ഈ സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ മിഷനറിമാരുടെയും സുരക്ഷിതത്വത്തിനായും സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കുക. റവ. വി തോമസ് തൊണ്ടക്കുണ്ടായ പ്രയാസത്തിൽ നിന്നും ശ്രീമതി ഹെപ്സി പോൾ രംഗനാഥൻ മറവി രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിവരങ്ങളും രേഖകളും നഷ്ടപ്പെടാതെ സ്ഥിരമായി സൂക്ഷിക്കുന്നതിനുള്ള ക്രമീകരണം FMPB ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### ഖർഗോൺ

**ബിനിത് പ്രസാദ് ഭരതൻ & അമോജിത ബിനിത്**

ഉദരത്തിൽ ഉരുവായ മുഴ നിമിത്തം കഷ്ടപ്പെട്ട ബഹദൂർ ബായിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. മങ്കൽ ബേദ ഗ്രാമത്തിൽ നടത്തിയ സുവിശേഷ വേല അനുഗ്രഹകരമായിരുന്നു. എട്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. തുലിയ ഗ്രാമത്തിലെ പ്രായമായ സ്ത്രീ കഴിഞ്ഞ അഞ്ചു വർഷമായി കാലു വേദനയാൽ കഷ്ടപ്പെട്ടു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവരെ സൗഖ്യമാക്കി. ജുനപാനി നവൽപൂർ, ബദൽ പുര എന്നീ ഗ്രാമങ്ങളിൽ പുതിയ യോഗങ്ങൾ ആരംഭിച്ചു.

ജഗനാഥപൂർ ഗ്രാമത്തിൽ നടത്തിക്കൊണ്ടിരുന്ന യോഗങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ ദുരിതം അനുഭവിക്കുന്ന നിപ്നി ഗ്രാമത്തിലെ നോഖയുടെ വിടുതലിനായി പ്രാർത്ഥിക്കുക. തലയിലെ പരുക്കളാൽ കഷ്ടപ്പെടുന്ന തുലിയ ഗ്രാമത്തിലെ ചൈയ, കേൾവിയില്ലാത്ത സാരഥി, അപസ്മാര രോഗികളായ സജ്ജൈജ, രേശ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദിനേശ്, മായയുടെ ഭർത്താവ് എന്നിവർ മദ്യാസക്തയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗുങ്കുരു ഗ്രാമത്തിൽ സുവിശേഷീകരണ പ്രവർത്തനത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന ദിനേശിന്റെ പിതാവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ജുവാൻ സിങിന്റെ മകനും സഹോദരനും രക്ഷ കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാപ്പു ബായിയുടെ കുടുംബം അനേക വ്യക്തികളെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## നവംബർ 10 ഞായർ

**കദൗര : ബിമൽ ചന്ദ്ര മുർമ്മു & ചിന്താമണി മുർമ്മു**

മൂന്നു ഗ്രാമങ്ങളിലുള്ള 90 പേർ സുവിശേഷം ശ്രവിച്ചു. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട പ്രേമ, സുമൻ, വിനോദ് കുമാർ, മൻജ് എന്നിവരെ കർത്താവ് സൗഖ്യമാക്കി. ബച്ചറോളി ഗ്രാമത്തിലെ പ്രാർത്ഥനക്കൂട്ടത്തിൽ ഒരു പുതിയ വ്യക്തി കൂടി കടന്നുവന്നു സംബന്ധിക്കുന്നു. സമതി യോഗം, ബച്ചോർലി ഗ്രാമത്തിലെ രാത്രി യോഗം, മൂന്നു ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനം എന്നിവ വിജയകരമായി നടത്തി.

ഷിവ്നിയിൽ നടത്തുന്ന വിശ്വാസികളുടെ യോഗത്തിലൂടെ അവർ വിശ്വാസത്തിൽ വളരുന്നതിനും ആത്മീക പക്വത പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജന യോഗം, സ്ത്രീകളുടെ യോഗം, സഭാമൂപ്പന്മാരുടെ യോഗം എന്നിവ വിഘ്നം കൂടാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക

**മൊറേന : ഹോസിയാൽ നായക് & ഗീതാഞ്ജലി നായക്**

20 വർഷത്തിലധികമായി പൈശാചിക ബന്ധനത്തിൽ കഴിഞ്ഞ ഗിലാപ്പൂർ ഗ്രാമത്തിലെ ഗുഡിയെ കർത്താവ് വിടുവിച്ചു. അവളുടെ മകൾ സുനിത പൈശാചിക പോരാട്ടം നിമിത്തം ഊമയായിരുന്നു. സുനിതയുടെ പ്രാർത്ഥന കേട്ടു ദൈവം അവളെ സൗഖ്യമാക്കി. ചേത ഗ്രാമത്തിലെ രാമെത്തിന്റെ ഇടുപ്പിൽ ഒരു മുഴ രൂപപ്പെട്ടു. അതു കാൻസർ എന്നു സംശയിച്ചിരുന്നു. ദൈവം പരിപൂർണ്ണ സൗഖ്യം നൽകി.

ഛഢ്ക്കെപുര ഗ്രാമത്തിലെ മുനാലാലിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അവൾ തന്റെ പൈശാചിക ബന്ധനത്തിലായ സഹോദരിയെ പ്രാർത്ഥനക്കായി ദൈവാലയത്തിൽ കൊണ്ടുവരുന്നു. ഈ സഹോദരിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഗോത്ത് ഗ്രാമത്തിലെ കാലാശി പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയാകേണ്ടതിനും അവളുടെ ഭർത്താവ് മാനസാന്തരപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ബീഹാർ

**ചാതപൂർ : പവാർ ദിനേശ് & ഭാരുദെ ചിലബായി**

രണ്ടു ഗ്രാമങ്ങളിലുള്ള 250 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. കുടിയേറ്റ തൊഴിലാളികൾ സുരക്ഷിതരായി ഭവനത്തിൽ തിരികെ വന്നു. കാലിൽ പോട്ടലുണ്ടായ മനിഷക്കു ചികിത്സിക്കുവാനുള്ള പണമില്ലായിരുന്നു. എന്നാൽ ദൈവം സാമ്പത്തീക ബുദ്ധിമുട്ട് പരിഹരിച്ചു കൊടുത്തു. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ ഭംഗിയായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ത്രീവേണിഗഞ്ച് ഗ്രാമത്തിൽ അനേക പുതിയ സ്നേഹിതരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വന്ത ജനത്തെ ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ അനേക സന്നദ്ധ സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനത്തിൽ നിന്നും പാപുറിഷിദേവ് വിടുതൽ പ്രാപിച്ചു. തൈറോയ്ഡിനാൽ ഭാരപ്പെടുന്ന രൻജൻ ദേവിയുടെയും മൂലക്കുരുവിനാൽ കഷ്ടപ്പെടുന്ന ഫൈൽസോൺ റിഷിദേവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## നവംബർ 11 തിങ്കൾ

### ജന്മദിനാശംസകൾ

കാന്തികുഷ യിസ്രായേൽ കെ
പ്രേമലത സുരേഷ് മാൽട്ടോ
ജോയ് ബല്ല ഇവാഞ്ചലിൻ സുനിൽ പ്രസാദ്
എയ്ഞ്ചൽ രാജ് ആൽബർട്ട്

## ജാർഖണ്ഡ്

### ജാമ

**മുന്ന മൊഹന്ദിയാർ & സുമിതദാസ്**

13 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷ പ്രഘോഷണത്തിലൂടെ 2000 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 23 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട വിശ്വാസികൾ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു.

ഉടനെ നടത്തുവാൻ പോകുന്ന വിശ്വാസ പ്രഖ്യാപന യോഗത്തിന്റെ അനുഗ്രഹത്തിനായും അതിനായി തയ്യാറെടുക്കുന്നവർ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് വിശ്വാസത്തിൽ മുന്നേറേണ്ടതിനായും പ്രാർത്ഥിക്കുക. കാഴ്ച മങ്ങുന്ന കൻഹായ് മാറാണ്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ചെറു പ്രാർത്ഥന സംഘങ്ങൾ ഭംഗിയായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### ഷോട്ടഗഗരി

**ശാന്തകുമാർ സുധാകരൻ & ഫ്ളോറൻസ്**

ഇവിടെ നടത്തിയ സുവിശേഷകരുടെ പരിശീലന പ്രോഗ്രാം അനുഗ്രഹകരമായിരുന്നു. മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 400 ലധികം ആളുകൾ പങ്കെടുത്തു. ഭഗയ്യ ഭവനത്തിന്റെ പുനരുദ്ധാരണ വേലകൾ പൂർത്തീകരിച്ചു. ഈ മേഖലയിൽ കർത്താവ് കൃപ നൽകി സമൃദ്ധിയായ മഴ ലഭിച്ചു.

ഭഗയ്യ ബാലഭവനത്തിന്റെയും മിഷൻ വയലിന്റെയും ചുമതല ഏറ്റെടുക്കുവാൻ പോകുന്നു. ഷോട്ടഗഗരിയിൽ നടത്തിയ കുട്ടികളുടെ ക്യാമ്പിൽ പങ്കെടുത്തവർ കർത്താവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മിഷനിൽ പരിശീലനം നേടുന്ന മിഷനറി പരിശീലനാർത്ഥികൾ ഫലപ്രദമായി ശുശ്രൂഷ നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകന്റെ വേർപാടിൽ ദുഖത്തിലായിരിക്കുന്ന ഭാര്യയുടെയും മൂന്നു മക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### കർത്താവ് എന്റെ പരിപാലകൻ!

ഗുജറാത്തിൽ കാവൻ മിഷൻ വയലിലെ കാലാവലി ഗ്രാമത്തിലുള്ള പ്രവീൺ ബായ് ഈയടുത്ത കാലത്ത് ദൈവസ്നേഹം രുചിച്ചറിഞ്ഞ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഇരുചക്ര വാഹന അപകടത്തിൽ ഗുരുതര പരുക്കു പറ്റി നടക്കുവാൻ പ്രയാസപ്പെട്ടു. അവന്റെ മൂന്നു സഹോദരന്മാരും സമാനമായ അപകടത്തിലാണ് മരിച്ചത്. ഇവനും രക്ഷപ്പെടുകയില്ല അതുപോലെ മരിക്കുമെന്നു ഗ്രാമീണർ ചിന്തിച്ചു. എന്നിരുന്നാലും പ്രവീൺ ബായി വിശ്വാസത്തോടു കൂടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവം അവന്റെ പ്രാർത്ഥന കേട്ടു പരിപൂർണ്ണ സൗഖ്യം നൽകി. ഇപ്പോൾ അവനു നടക്കുവാനും ജോലി ചെയ്യുവാനും കഴിയുന്നു. ദൈവത്തിന്റെ അത്ഭുത സൗഖ്യം അനുഭവിച്ച പ്രവീൺ ബായി ഇപ്പോൾ ഗ്രാമീണരുടെ മുമ്പാകെ ദൈവത്തിന്റെ ജീവനുള്ള സാക്ഷിയാകുന്നു. ഹല്ലെലുയ്യ!




## ജന്മദിനാശംസകൾ

ശങ്കർ പി

### ഗംഗുപാട ബാലിക ഭവനം

**എ ഇവ്ലിൻ പാക്കിയ;**
**എസ്ഥേർ സാവിത്രി**

ഒമ്പതു പെൺകുട്ടികൾ GKN പ്രവേശന പരീക്ഷ എഴുതി. ക്ഷയ രോഗത്തിന്റെ ചികിത്സക്കു വിധേയരായ അന്ന, സോനാലി എന്നിവരുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. ശക്തമായ മഴയിൽ ദൈവം നമ്മുടെ വിടുകളെ സംരക്ഷിച്ചു. നമ്മുടെ അഞ്ചു പെൺകുട്ടികളുടെ രോഗം ഗുരുതരമായ വേളയിൽ തക്ക സമയത്തു സഹായവും സൗഖ്യവും ലഭിച്ചു.

ഉദര സംബന്ധമായ രോഗത്താൽ അടിക്കടി പ്രയാസപ്പെടുന്ന മറിയാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഛേതി, റോബിൻ, സുകുമുനി, ജനി, രേഷ്മി, മേസ എന്നിവർക്കായി പ്രാർത്ഥിക്കുക. സജിനിയുടെ പിതാവ്, പ്രേമി, മമത, രൂത്ത് മുൻഷി എന്നിവർ ഒരു തർക്കത്തിന്റെ പേരിൽ ജയിൽ വാസം അനുഭവിക്കുന്നു. അവർ മാനസാന്തരപ്പെടേണ്ടതിനും ജയിൽ മോചിതരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. തകർന്ന കുടുംബങ്ങളിൽ നിന്നാണ് ചില പെൺകുട്ടികൾ ബാലിക ഭവനത്തിൽ വന്നത്. ഈ പെൺകുട്ടികളുടെ ശുഭ ഭാവിക്കായി പ്രാർത്ഥിക്കുക. ഇവിടെ നടത്തിയ വിബിഎസ് കുട്ടികളുടെ ആത്മീക വളർച്ചക്കു എറെ പ്രയോജനം ചെയ്തു.

### തീൻപഹാട്

**നെഹമ്യാവ് & അനാമിക**

ഭവനത്തിന്റെ ഉള്ളിൽ പ്രവേശിച്ച വിഷ പാമ്പിൽ നിന്നും ദൈവം നമ്മുടെ വിശ്വാസി കുഷ്ബുവിനെ സുരക്ഷിതമായി പരിപാലിച്ചു. ഒരു കാലത്ത് ക്രിസ്തീയ വിശ്വാസത്തിലായിരുന്ന ഭാര്യയെയും മക്കളെയും എതിർത്തിരുന്ന അത്വാരി മുണ്ട ഇപ്പോൾ രൂപാന്തരപ്പെട്ടു ആത്മാർത്ഥമായി സഭയിലെ എല്ലാ പ്രോഗ്രാമിലും സജീവമായി പങ്കെടുക്കുന്നു. മൂന്നു വ്യക്തികൾ നമ്മെ ക്ഷണിച്ചു. നമ്മുടെ വിശ്വാസികൾ അവരുടെ ഭവനത്തിൽ പോയി ഉപവാസ പ്രാർത്ഥന നടത്തി.ആരാധനക്കു നേതൃത്വം നൽകുവാൻ ഒമ്പതു സഭാമൂപ്പന്മാരെ പുതുതായി തിരഞ്ഞെടുത്തു. സഭാമൂപ്പന്മാരുടെ പരിശീലനം, സ്ത്രീകളുടെ യോഗം, യുവജനങ്ങളുടെ യോഗം ഉപവാസ പ്രാർത്ഥന എന്നിവ വിജയകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

വിശ്വാസിയായ വിമല കുജൂർ തന്റെ വിശ്വാസത്തെ എതിർക്കുന്ന മദ്യപാനിയായ ഭർത്താവ് നിമിത്തം ഏറെ നിരാശിതയായിരിക്കുന്നു. പ്രാർത്ഥന കേട്ടു ദൈവം അവളുടെ ഭർത്താവിനെ രൂപാന്തരപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. രാജേന്ദ്ര മുണ്ട, റിങ്കി മുണ്ട, ഗമാലിയ ടിർക്കി എന്നിവരുടെ കുടുംബങ്ങളിൽ അവരുടെ വിശ്വാസത്തെ ബാധിക്കത്തക്കവിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ട്. ദൈവം അത് പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ ഉയർന്നു വരുന്ന എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് വിശ്വാസത്തിൽ ഉറക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കു തങ്ങളുടെ വയലുകളിൽ നിന്നു നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

നവംബർ 13 ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

അനിൽ ബായ് ഗൻവിത്

### മൺട്രോ : ഹിജാം കെന്നടി സിങ് & ഹജോം ലിന്തോബി ചാനു

രണ്ടു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 2000 പേർ സുവിശേഷം ശ്രവിച്ചു. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാഘി, ബാലജോർ എന്നിവിടങ്ങളിലെ ദൈവാലയ നിർമ്മാണം ഭംഗിയായി പുരോഗമിക്കുന്നു. സുവിശേഷ നാടകത്തിലൂടെ സുവിശേഷം പ്രഘോഷിച്ച കാന്തിഹാർ, മണിഹാരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു നല്ല സ്വീകരണം ലഭിച്ചു.

രണ്ടു സ്ഥലത്തു നടക്കുന്ന ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചവരുടെയും വേദപഠനക്കൂട്ടത്തിലും മറ്റു ആത്മീക പ്രോഗ്രാമുകളിലും പങ്കെടുക്കുന്നവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിലും സമർപ്പണത്തിലും വളരേണ്ടതിനായി പ്രാർത്ഥിക്കുക. സമാന ചിന്താഗതിക്കാരുടെ ഇടയിൽ വിശ്വാസികളെയും ആരാധനക്കൂട്ടങ്ങളെയും സംബന്ധിച്ചുള്ള അവരുടെ അവകാശവാദങ്ങളിലും പ്രവർത്തനങ്ങളിലും അസൂയ ഉരുവാകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക ഹാപോൺ മായ് മാറാണ്ടി കാൻസർ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റാംഘട്ട്

### എൽ ബൈതെ & കിംബൈതെ

32 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കിന്ദുവാത്ഗുഡ് ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം കൃപയാൽ പൂർത്തീകരിച്ചു.

റീൽദി, അഷ്ന, മാൽമ, ഗരുദി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും റാംസോഗ് മുർമ്മുവും ആഭിചാര ദോഷങ്ങളിൽ നിന്നും ജാത്രു ടുഡുവും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സുരേന്ദർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കരുതുന്ന ദൈവം!

രാജസ്ഥാനിൽ ഇദ്‌ലിബോർ ജില്ലയിലെ തെരുവാര മിഷൻ വയലിലുള്ള പുതിയ ഗ്രാമമായ മധുക്കാണ്ടയിൽ സുവിശേഷം പങ്കുവെച്ചു. സുവിശേഷം ആദ്യമായി കേട്ട ഗ്രാമീണരിൽ ചിലർ യേശു ക്രിസ്തുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ആ ഗ്രാമത്തിലുള്ള ഒരു സഹോദരി മമത ബൻ വർഷങ്ങളായി ഗർഭപാത്ര സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. ചികിത്സക്കായി ധാരാളം പണം ചിലവഴിച്ചെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. അവളുടെ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ച മിഷനറിയോടു അവൾ പ്രാർത്ഥന അഭ്യർത്ഥിച്ചു. പ്രാർത്ഥനക്കു ശേഷം അവളോടു യേശുവിനെ കുറിച്ചു പറഞ്ഞു. അവളെ ഭവനത്തിലേക്കു മടക്കി അയച്ചു. രണ്ടു ദിവസത്തിനുള്ളിൽ രക്ത സ്രാവം നിന്നു. സമ്പൂർണ്ണ സൗഖ്യം ലഭിച്ചു. മമത യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഗ്രാമത്തിലുള്ളവരോടു അവളുടെ സാക്ഷ്യം പങ്കുവെച്ചു അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കുന്നു. എല്ലാ മഹത്വവും നമ്മുടെ കർത്താവിനു മാത്രം!

**നവംബർ**

# 14

**വ്യാഴം**

## ജന്മദിനാശംസകൾ

രജ്ജിത് ജയിംസ്
ജോൺ സി എച്ച്, ജലീൻ ശങ്കർ
മഹേശ്വരി റിബേക്ക വി
വാൽവി ദിന ധന

### ചന്ദോപാനി

### ജേക്കബ് ജ്ഞാനപണ്ഡിതൻ & ശാന്തി

31 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണത്തിലൂടെയും അനുധാവന പ്രവർത്തനത്തിലൂടെയും 129 വ്യക്തികളെ സന്ധിച്ചു. മൂന്നു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ക്രമമായി ആരാധനയിൽ പങ്കെടുക്കുന്ന ഝാറിപാനി ഗ്രാമത്തിലെ സിമ ദേവി, ബഗ്ജനോപ ഗ്രാമത്തിലെ ഫൂലോ ദേവി എന്നിവർ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ഝരിയപാനിയിലെ ലക്ഷ്മൻ റായ് സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. എന്നാൽ ഗ്രാമത്തലവൻ ആകയാൽ ആരാധനയോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ല.

ജീസസ് ഫിലിം കണ്ടവർ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ റോഹൻ റായ് കുടുംബം, സിമാ ദെബി, ഫുലോ ദെബി, കലവതിയ ദേവി, ലക്ഷ്മൺ റായ്, ശങ്കർ റായ് കുടുംബം എന്നിവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടക്കുന്ന ജാർഖണ്ഡ് നിയമസഭ തിരഞ്ഞെടുപ്പിനായി പ്രാർത്ഥിക്കുക. പുകയിലക്കു അടിമയായി വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ പ്രേം കുമാർ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഞങ്ങളുടെ മകൾ റാഞ്ചിയിൽ ബരുദാനന്തര ബിരുദ പഠനം നടത്തുന്നു. അവളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### അമടപാട

### വ്യാസു ബാബു & സൗന്ദര്യ രേഖ

23 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം നമ്മെ സഹായിച്ചു. 3775 പേർ സുവിശേഷം ശ്രവിച്ചു. അവരിൽ 18 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സുവിശേഷം ശ്രവിച്ചവരുടെ ഇടയിൽ 12 വേദപുസ്തകങ്ങൾ വിതരണം ചെയ്തു. ദുമ്പാർസിർ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു സ്പോൺസറെ ലഭിച്ചതിനാൽ വേഗത്തിൽ പണി ആരംഭിക്കുന്നതാണ്. ഒരുകാലത്ത് വിശ്വാസികളെ ഉപദ്രവിച്ചു കൊണ്ടിരുന്ന സൽപാത്ര ഗ്രാമത്തിലെ ബിനായ് മാറാണ്ടി മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന പുതിയ സ്നേഹിതരായ കമർദിഹ ഗ്രാമത്തിലെ ഹെമ്പ്രം കുടുംബം, സൽപാത്ര ഗ്രാമത്തിലെ ബിശുനാഥ് ടുഡു എന്നിവർ യേശുവിനെ രക്ഷിതതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രുഷിലാൽ ഹെമ്പ്രം, സുശീല ഹസ്ത, ജയ് മുർമ്മു, മിരു ഹെമ്പ്രം, ജൂനാസ് ഹെമ്പ്രം എന്നിവർ തങ്ങളുടെ രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുസുക്കുട്ട, പൊൽമ, ദുമ്പർപിട്ട, മലികിനിട്ട, ജോജോടോള എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ആലീസ് അനിൽ കുമാർ വിസോയി
വസാവ സവിതബൻ പച്ചിയ ബായി

### കദുവ &
### നേതൃത്വ പരിശീലന കേന്ദ്രം

**സുന്ദർ ദുരൈ &**
**മെൽബിൻ റെജിനി**

ബട്ടോള ദൈവാലയത്തിന്റെ നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചു. കുസ്മ ദൈവാലയത്തിന്റെ മേൽക്കൂര വാർത്തു. സാമിടോപ് ഗ്രാമത്തിൽ 23 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഞങ്ങളുടെ ഭവനത്തിൽ കയറിയ എട്ടടി നീളമുള്ള വിഷ പാമ്പിൽ നിന്നും ദൈവം ഞങ്ങളെ കുടുംബമായി രക്ഷിച്ചു. SSR മിഷൻ വയലിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 600 പേർ സംബന്ധിച്ചു. ട്രിച്ചിയിൽ നിന്നും വന്ന ഡോ. എഡ്വിൻ ദൈവവചനം പങ്കുവെച്ചു.

ഛോട്ടഗഗരി, ചുച്ചി എന്നീ ഗ്രാമങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനും അനേക ജീവിതങ്ങളെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ മിഷൻ വയലുകളിൽ പ്രവർത്തിക്കുന്ന നിരവധി മന്ത്രവാദികളെ കർത്താവിന്റെ സ്നേഹം തൊടേണ്ടതിനും അവരുടെ മാനസാനന്തരത്തിനുമായി പ്രാർത്ഥിക്കുക. അവരവർക്കായി ക്രമീകരിച്ചിരിക്കുന്ന ക്യാമ്പുകളിൽ സംബന്ധിക്കുന്ന കുട്ടികളും യൗവ്വനക്കാരും ക്രിസ്തുവിനായി സാക്ഷ്യമുള്ള ജീവിതം നയിക്കുമെന്നുള്ള തീരുമാനത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെറു പ്രാർത്ഥന സംഘ നേതാക്കന്മാരുടെ ക്യാമ്പിൽ പങ്കെടുത്തവർ വിശ്വാസത്തിൽ ശക്തരായി ആഴമായ വിശ്വാസത്തോടെ പ്രാർത്ഥനക്കൂട്ടത്തെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റാണെശ്വർ

**ഉപദേശ് കുമാർ; സിഖോതാങ് സൗ**

27 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷവേലയിലൂടെ 850 പേർ സുവിശേഷം ശ്രവിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നെഞ്ചു വേദനയനുഭവപ്പെടുന്ന അർസു മാറാണ്ടി, എബെർദി സൊറൻ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. പത്രൊാസ് മുർമ്മിവിന്റെ മകൻ അരുൺ ശ്വസന സംബന്ധമായ പ്രയാസത്താൽ കഷ്ടപ്പെടുന്നു, ടൈഫൊയിഡിനാൽ വലയുന്ന ഗബ്രിയേൽ മൊഹ്ലി, ഉദരവീക്കത്താൽ വലയുന്ന കരിഷ്മ, നേത്രരോഗത്താൽ കഷ്ടപ്പെടുന്ന പരമേശ്വർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കേരളത്തിലേക്കു പോയ ദിക്കു സൊറനെ കുറിച്ചു ഒരു മാസമായി വിവരമൊന്നുമില്ലായിരുന്നെങ്കിലും അവൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു.

മിഷനറിമാരെ ഗ്രാമത്തിൽ പ്രവേശിക്കുന്നതിനു അനുവദിക്കാത്ത ബത്കിടി ഗ്രാമത്തിന്റെ തലവൻ മൻജിഹിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ ശക്തമായി എതിർക്കുകയും വിശ്വാസികളെ നാശത്തിലേക്കു നയിക്കുകയും ചെയ്യുന്ന രേണുക കുമാരിയെ കർത്താവ് സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇരു വൃക്കളുടെയും പ്രവർത്തന ക്ഷമത നഷ്ടപ്പെട്ട അക്രൈസ്തവനായ ഗോപാൽ യേശുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നു അവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഏബ്രഹാം തോമസ്

### രാജമഹാൾ കമ്യൂണിറ്റി കോളജ്

**സ്റ്റാലിൻ ജീവ & സെൽവ റാണി**

വിവിധ രോഗങ്ങളിൽ നിന്നും മഴക്കാലത്തുണ്ടാകുന്ന അപകടങ്ങളിൽ നിന്നും നമ്മുടെ മിഷനറിമാരെയും, പ്രവർത്തകരെയും വിദ്യാർത്ഥികളെയും സുരക്ഷിതരായി ദൈവം പരിപാലിച്ചു. നമ്മുടെ ആറു കുട്ടികൾ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷ എഴുതുന്നതിനു രജിസ്ട്രർ ചെയ്തു. എല്ലാ മാസത്തിലും കമ്യൂണിറ്റി കോളജിനാവശ്യമായതെല്ലാം ദൈവം നൽകിത്തരുന്നു. നമ്മുടെ ക്യാമ്പസിൽ കൃത്യമായ ഇടവേളകളിൽ മുഴുരാത്രി പ്രാർത്ഥനകൾ നടത്തുന്നു. നമ്മുടെ മിഷനറിയുടെ മകൾ റെനിക്കു ചെന്നയിലുള്ള ഒരു ക്ലീനിക്കിൽ താല്ക്കാലിക ജോലി ലഭിച്ചു.

വിബിഎസ് പ്രവർത്തനത്തിൽ പങ്കാളികളാകുന്നവരും അദ്ധ്യാപക പരിശീലനം ലഭിച്ചവരും ഈ ശുശ്രൂഷയിലൂടെ അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തയ്യൽ പരിശീലനത്തിനായി പുതുതായി ചേർന്ന കുട്ടികൾ വിദഗ്ദമായി ഈ പഠനം പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിദ്യാർത്ഥികൾ തങ്ങളുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ ഇടങ്ങളിൽ ജോലി ചെയ്യുന്ന പൂർവ്വ വിദ്യാർത്ഥികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ക്യാമ്പസിൽ ആൺകുട്ടികൾക്കു താമസിക്കുന്നതിനുള്ള കെട്ടിടവും ചാപ്പലും പണിയുന്നതിനാവശ്യമായ പണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പാലാമു : എ ബർന്നബാസ് & ബ്യൂല ജപകുമാരി

അസംദെഗ ഗ്രാമത്തിലെ ഗീത നവജാത ശിശുവുമായി കരകവിഞ്ഞൊഴുകിയ നദി കടന്നു വന്നപ്പോൾ ദൈവം സംരക്ഷിച്ചു. കാട്ടിനുള്ളിൽ അർദ്ധരാത്രിയിൽ ശകുന്തള ദേവിക്കു പ്രസവ വേദന വന്നപ്പോൾ ഞങ്ങൾ പ്രാർത്ഥിച്ചു ദൈവം അവൾക്കു സുഖപ്രസവം നൽകി അനുഗ്രഹിച്ചു. കൃഷി ചെയ്യുന്നതിനാവശ്യമായ സമൃദ്ധിയായ മഴ ലഭിച്ചതിനാൽ വയലുകളിൽ വിത്തു വിതെച്ചു. ദുബെൽഗഞ്ച് ഗ്രാമത്തിൽ ഞായറാഴ്ച ആരാധന ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

വിറകു ശേഖരിക്കുന്നതിനായി വനത്തിനുള്ളിൽ പോയ ലൂറി ദേവിക്കു അപകടത്തിൽ മുറിവേറ്റു. അടിക്കടി വെള്ളപ്പൊക്കമുണ്ടാകുന്ന നദി കടന്നു ചന്തക്കു പോകേണ്ടി വരുന്ന അസംദെഗ, ബർവക്കദ എന്നീ ഗ്രാമങ്ങളിലുള്ളവരുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ഇവിടെ ഒരു പാലം പണിയുന്ന വിഷയം ഗവൺമെന്റ് പരിഗണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കളായ ചന്ദ്രൻ, സുഖിൽ, സുശീല എന്നിവർ ഇന്ത്യൻ സേനയിൽ ചേരുക അല്ലെങ്കിൽ മെഡിക്കൽ പഠനം നടത്തുക എന്ന ലക്ഷ്യത്തോടെ ഉത്സാഹിച്ചു പഠിക്കുന്നു. ഈ പ്രദേശത്തു ഇപ്പോഴും നടക്കുന്ന ശൈശവ വിവാഹം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. അതിനാവശ്യമായ വിധം സമൂഹത്തെ ബോധവത്കരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

നവംബർ
17
ഞായർ

**ജന്മദിനാശംസകൾ**

ഹേമലത ഏബ്രഹാം

### ദേവഗൊഡ്ഡ ബാലഭവനം
**ജോൺസൺ രാജദുരൈ & വിനോദിനി ജോൺസൺ**

മാൾട്ടോ യൗവ്വനക്കാരെ കൃഷി, മരങ്ങൾ നടുക, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലെ നൂതന സങ്കേതിക വിദ്യകൾ പഠിപ്പിക്കുകയും 6000 വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ചെയ്തു. പാരമ്പി, ദാബ്രുപിട്ട, പതുവാടി, ഛോട്ട ജരൈ എന്നീ ഗ്രാമങ്ങളിലുള്ള കുട്ടികൾക്കു പ്രാഥമിക വിദ്യാഭ്യാസം നൽകി. വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെ അനേകർ സാക്ഷരത പ്രാപിച്ചു.

സണ്ടേസ്കൂൾ പാഠങ്ങൾ തയ്യാറാക്കുക, 1 മുതൽ 3 വരെയുള്ള കുട്ടികളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, മുതിർന്ന കുട്ടികൾക്കു പഠന സഹായി തയ്യാറാക്കുക, ജാർഖണ്ഡിനായി പ്രാർത്ഥിക്കുന്നതിനുള്ള പ്രാർത്ഥന സഹായി തയ്യാറാക്കുക എന്നീ പദ്ധതികളുടെ വിജയത്തിനായി പ്രാർത്ഥിക്കുക. മദ്യപാനികളെ പുനരധിവസിക്കുന്നതിന്റെ ഭാഗമായി മാൾട്ടോ വിശ്വാസികൾക്കു കാർഷീക പരിശീലനവും കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനവും നൽകി. 1200 സഭാമൂപ്പന്മാർക്കു തങ്ങളുടെ സ്വന്ത ഗ്രാമത്തിൽ തന്നെ ഉപജീവന മാർഗ്ഗം ലഭിക്കേണ്ടതിനും അങ്ങനെ കുടിയേറി പോകാതെ ഇവിടെ താമസിക്കുവാൻ സാധിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### പക്കുവഹാട് : രാമകൃഷ്ണ & അഞ്ജലി ദേവി ബാൻതുമിലി

പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിതഗണത്തിലായി. നീംതാങ്ക ഗ്രാമത്തിൽ മുന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന ക്രമീകരിച്ചു. സിദാനി, മണിക്പൂർ, തോലിഘാട്ട് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

സൽഫോണ, മാണിക്പൂർ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാത്രി യോഗങ്ങൾ നടത്തുന്ന സിദാനി, ഉലാത്തൂർ എന്നീ ഗ്രാമങ്ങളിൽ താൽക്കാലിക ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. രാത്രി യോഗങ്ങൾ നടത്തിയ മാൽധോബാര, പജുവാദങ്ക, കപ്രദാഗി, തലിക്കാട്ടു എന്നി ഗ്രാമങ്ങളിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വിശ്വാസികളും യൗവ്വനക്കാരും ആവേശത്തോടെ സുവിശേഷ വേലയിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കാവൽ മാലാഖമാർ !

പഞ്ചാബിൽ മാൻസ മിഷൻ വയലിലുള്ള ദുയത്ത് ഗ്രാമത്തിൽ നിന്നും ശുശ്രൂഷ കഴിഞ്ഞ് നമ്മുടെ മിഷനറിയും കുടുംബവും മടങ്ങുമ്പോൾ സുവിശേഷവിരോധികളായ പത്തു പേർ അവരെ വളഞ്ഞു. ആളുകളെ മതപരിവർത്തനം ചെയ്യിക്കുന്നതിനെ അവർ ചോദ്യം ചെയ്തു. സമയം രാത്രിയായി മിഷനറി ഭയന്നു പ്രാർത്ഥിച്ചു. പെട്ടെന്നു അതുവഴി വന്ന ഒരു കാർ അവിടെ നിർത്തി. ഡ്രൈവർ മിഷനറിയോടു കാറിൽ കയറുവാൻ ആവശ്യപ്പെട്ടു. അവരെ സുരക്ഷിതമായി ഭവനത്തിൽ എത്തിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

## നവംബർ 18 തിങ്കൾ

### ജന്മദിനാശംസകൾ

ജാക്കുലിൻ ബഞ്ചമിൻ
താംങ്സെ സംങ്തം

**സാംസി : ദീപാർത്തന & മിഥിലേശ്**

മൂന്നു ഗ്രാമങ്ങളിലുള്ള ആയിരം പേരോടു സുവിശേഷം പങ്കുവെച്ചു. ഏകദേശം 700 ലഘുലേഖകൾ വിതരണം ചെയ്തു. പ്രാർത്ഥന കേട്ടു കർത്താവ് ബർക്കി മാറാണ്ടിയെയും കിരിയാൽ പച്ചിമിനെയും സൗഖ്യമാക്കി. ലൗറാഗാം പ്രദേശത്തുള്ള ആരാധന യോഗത്തിൽ നാലു പുതിയ കുടുംബങ്ങൾ സംബന്ധിക്കുന്നു. വക്തിഗത സുവിശേഷ വേലയിലൂടെയും ഭവനസന്ദർശനത്തിലൂടെയും ചന്ദപൂർ, ദുക്കാറിയ, റോണ, ബുരുൾ, ജിതാൽപൂർ എന്നി മേഖലകളിൽ എതിർപ്പുകളില്ലാതെ സുവിശേഷം അറിയിച്ചു.

വാർലിയിൽ ആരാധനയോഗം നടത്തിയിരുന്ന ഭവനം ശക്തമായ മഴയിൽ ഇടിഞ്ഞു വീണു. ഇവിടെ പുതിയ ഒരു ആലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ബിസ്നാപൂർ, കുസദങ്കി എന്നീ ഗ്രാമങ്ങളിലള്ള രണ്ടു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു എങ്കിലും ഗ്രാമത്തലവൻ എതിർക്കുന്നതിനാൽ വിശ്വാസ പ്രഖ്യാപനം നടത്തുവാൻ കഴിയുന്നില്ല. കള്ള പ്രവാചകന്മാരുടെ സ്വാധീനത്താൽ വിശ്വാസത്തിൽ നിന്നു വ്യതിചലിച്ച ബക്ദി മാറാണ്ടി, ബബ്ലു ഹെബ്രം എന്നീ കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക. ബുർക്കു മാറാണ്ടി, ലുക്കിറാം കിസ്കു, ബദാൽ ഭസ്കെ, റൂബി ഹസ്ത എന്നിവർക്കു എതിർപ്പു നിമിത്തം ക്രിസ്തയേശുവിലുള്ള വിശ്വാസത്തിൽ ഉറച്ച നിലപാടു കൈക്കൊൾവാൻ സാധിക്കുന്നില്ല. സുവിശേഷത്തോടുള്ള എതിർപ്പു നിലനിൽക്കുന്നതിനാൽ സുവിശേഷകനും കുടുംബവും നിരാശിതരാകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ആത്മീകവും ഭൗതീകവുമായ സൗഖ്യം!

മഹാരാഷ്ട്രയിൽ പിമ്പല്നെർ മിഷൻ വയലിലെ രോഹദ് ഗ്രാമത്തിലുള്ള 40 വയസ്സുകാരൻ വിനോദിന്റെ കഴുത്തിലുണ്ടായ മുഴയാൽ കഴിഞ്ഞ ആറു മാസമായി കഷ്ടപ്പെടുകയായിരുന്നു. അവൻ ഡോക്ടറന്മാരെയും മന്ത്രവാദികളെയും കണ്ടു. ഒരു പ്രയോജനവും ഉണ്ടായില്ല. അവിടെ FMPB യുടെ ഒരു പഴയ ആരാധനക്കൂട്ടം ഉണ്ട്. അവർ ഒരു താല്കാലിക ഷെഡ്ഡിലാണ് ആരധന നടത്തുന്നത്. ഈ വിവരം വിനോദിന് അറിയാമെങ്കിലും വിശ്വാസികളുടെ പ്രാർത്ഥനയിലൂടെ ലഭിക്കുന്ന കർത്താവിന്റെ സഹായത്തോടു അത്ര താല്പര്യം കാണിച്ചില്ല. ഒരു ദിവസം പെട്ടെന്നു മുഴ പൊട്ടി. അവനെ ആശുപത്രിയിലേക്കു കൊണ്ടു പോയി. മുറിവ് ആഴത്തിലുള്ളതിനാൽ ഡോക്ടറന്മാർ ചികിത്സിക്കുവാൻ തയ്യാറായില്ല. ക്രമേണ മുറിവിൽ നിന്നും ദുർഗന്ധം വമിക്കുവാൻ തുടങ്ങി. ഈ പരിതാപകരമായ സ്ഥിതിയിൽ മറ്റു യാതൊരു വഴിയുമില്ലാതെ വിനോദ് പ്രാർത്ഥിക്കുവാനായി വന്നു. നമ്മുടെ മിഷനറിയും വിശ്വാസികളും അവനു വേണ്ടി പ്രാർത്ഥിച്ചു. അവന്റെ ഭവനം സന്ദർശിച്ച് തുടർന്നും പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവം കരുണ തോന്നി വിനോദിനു സമ്പൂർണ്ണ സൗഖ്യം നൽകി. വിനോദിന്റെ ശരീരത്തിനു സൗഖ്യം ലഭിച്ചതിനൊപ്പം അവന്റെ ആത്മാവിനു രക്ഷയും ലഭിച്ചു. അവനും അവൻെറ കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 2024 ആഗസ്റ്റ് 13 ന് ദേശീയ ഉപവാസ പ്രാർത്ഥന ദിനത്തിൽ അവർ കുടുംബമായി സ്നാനപ്പെട്ടു. ഇപ്പോൾ ക്രിസ്തുവിൽ വളരുന്നു. ഹല്ലെലുയ്യ!

**നവംബർ**

# 19

**ചൊവ്വ**

## ജന്മദിനാശംസകൾ

എലിസബത്ത് സ്വർണ ദുരൈരാജ്
ബസന്തി ബസുദേവ മാൾട്ടോ

### താപാൻ

### ഹരമോഹൻ പ്രഭുദാസ് നായക് & കുമാരി സുസമ പാനി

നാലിടത്തു നടത്തിയ സംഘടിതമായ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 800 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 18 വയസ്സുള്ള ദേബോസി എന്ന പെൺകുട്ടി പെട്ടെന്നു കുഴഞ്ഞു വീണു ശരീരമെല്ലാം തണുത്തു. വിശ്വാസികൾ ആത്മാർത്ഥമായി പ്രാർത്ഥിച്ച വേളയിൽ അവൾ ജീവനിലേക്കു കടന്നു വന്നു. ബഗൻവാടി, പുരോബ് ബഗൻ, ദോഹോപാട, രാമദേവ്പൂർ, ഹെക്കോന്ദാർ, അമദപൂർ, പൻചാത്ത്, ഹസ്നഗർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിനു നല്ല പ്രതികരണം ലഭിച്ചു.

നമ്മുടെ പ്രാദേശിക യുവജനക്യാമ്പിൽ പങ്കെടുത്തവർ കർത്താവിനു വേണ്ടി ഉറച്ച തീരുമാനം കൈക്കൊള്ളേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താൽ വലയുന്ന സോനാതി ടുഡു, ഗർഭപാത്ര സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന രേണുക, മാറിടത്തിൽ ട്യൂമർ ബാധിച്ച സാവിത്രി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൻചാത്ത, പുക്കരിഗുട്ടു, ഭോറോൾ, ഹസനഗർ, ഭിഭിരി, ഭിന്ദിടോള, അക്കാ, മട്ടോള, കാലിടോള, മോലാനി, ആനന്ദപൂർ, മുഹിപൂർ എന്നീ ഗ്രാമങ്ങളിൽ പാർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദൈവാലയ നിർമ്മാണത്തിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റാണിഗഞ്ച്

### ധ്രുബരാജ് ബബർത്ത & പുഷ്പാഞ്ജലി

25 ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളിലൂടെ 1150 പേർ സുവിശേഷം ശ്രവിച്ചു. രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം എതിർപ്പുകളില്ലാതെ പ്രദർശിപ്പിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും മൂലിക മാറാണ്ടി വിടുതൽ പ്രാപിച്ചു. ജോതിനിന്റെ ഭാര്യയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. റോൾഘുടു, മോലാനിപൂർ, കണോർ, ചോണോൻഡിഗി, മോരപാര, ദാദിയാൽ എന്നീ ഗ്രാമങ്ങളിൽ വിശ്വാസികൾക്കായി പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു.

സുവിശേഷകന്റെ കുടുംബത്തിന്റെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ വ്യക്തിഗത സുവിശേഷീകരണ യജ്ഞത്തിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബുജുബുത്ത പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷികളായ എല്ലാവരും യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ധൈര്യപൂർവ്വം വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പരിശീലന പ്രോഗ്രാമിൽ പങ്കെടുത്തു സഭാമൂപ്പന്മാരും വിശ്വാസികളും പഠിച്ചതൊക്കെ ജീവിതത്തിലും ശുശ്രൂഷയിലും പ്രാവർത്തീകമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

നവംബർ
20
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

## അസം

### ഗോഹ്പൂർ

**നാഥൻ കുമാർ ബബർത്ത & നിരുപമ നാഥൻ**

ആറു വ്യക്തികൾ തങ്ങളുടെ പാപസ്വഭാവം ഉപേക്ഷിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കുഞ്ചോ പത്താരിയുടെ പശുവിനെ കാണാതെ പോയി. ഇതു നിമിത്തം ആറു ദിവസം ഗ്രാമവാസികൾ അവനെ പരിഹസിച്ചു. എന്നാൽ അവൻ പ്രാർത്ഥിച്ചപ്പോൾ പശു തനിയെ സുരക്ഷിതമായി ഭവനത്തിൽ എത്തി. സൂക്കാദ, ആരിമോര എന്നീ ഗ്രാമങ്ങളിൽ വിശ്വാസികളുടെ ക്യാമ്പ് സംഘടിപ്പിച്ചു.

തവോക് സപാരി, പിലൂസ, സിരാഗുവ, പായോർഹാദി, കാസിക്കമെദ, എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു എടുത്ത ഉദ്യമത്തെ ദൈവം അനുഗ്രഹിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന പാവോപൻ പത്താരി, ആകാശ് പത്താരി, കുലഗീപ് പത്താരി, ലുമുക് പത്താരി, ജീബത്താർ പത്താരി, കിതെശ്വർ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

**ബലോദ ബസാർ : രാമേശ്വർ ദയാൽ നിർമ്മൽ & മധുകല**

ചന്ദ്രഗോരപാട, ധാരാസിവ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു.

സുവിശേഷത്തെ എതിർക്കുന്ന സംഹാർത്തി ഗ്രാമത്തിലെ സോഹാതയെ കർത്താവ് സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാമേശ്വർ സാഹുവിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കംകാരിയ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പതാൽഗൗൺ

**പദ്രി സോമാലിയ മൻസുബായി & മഹാല ഷീല ബൻ ബഹുജ്യഭായ്**

സലനി പാട ആരാധനക്കൂട്ടത്തിൽ സംഘടിപ്പിച്ച സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമും അമപാലി, മദ്വത്താൾ ആരാധനക്കൂട്ടത്തിലെ വിശ്വാസികളുടെ ആത്മീക യോഗങ്ങളും വിജയകരമായി നടത്തി. കഴിഞ്ഞ മാസം പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു, മൂന്നു ഗ്രാമങ്ങളിൽ നടക്കുന്ന ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗം, യുവജനങ്ങളുടെയും സ്ത്രീകളുടെയും ക്യാമ്പ്, സുവിശേഷീകരണ പ്രവർത്തനം, ദൈവാലയ പ്രതിഷ്ഠ എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തരായ സത്രാം ചോഹാൻ, കുമാർ കുവാർ എന്നിവരുടെയും പുകവലിക്കടിമകളായ മഹാചോ, പ്രഭുദാസ് എന്നിവരുടെയും വിടുതലിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും സക്കൽസായി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജന ക്യാമ്പിൽ പങ്കെടുക്കുന്ന യൗവ്വനക്കാർ തങ്ങളുടെ ജീവിതങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ചു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## നവംബർ 21 വ്യാഴം

### ജന്മദിനാശംസകൾ

ജഹാലിൻ ജമി ജയശേഖർ
മൻപ്രിത് കൗർ

**തൈയ്യുതാൻ : താങ് ചിൻ ലിയാൻ & വുങ് തിയാൻ ചിങ്**

നമ്മുടെ വിശ്വാസികളുടെ മക്കളുടെ ആത്മീക വളർച്ചക്കായി ബാല ഭവനത്തിൽ പ്രവർത്തിക്കുന്നതിനു ദൈവം അവസരം നൽകി. ബാലഭവനത്തിലെ കുട്ടികൾ അവരുടെ പഠനത്തിൽ മുന്നേറുന്നു. സഭയുടെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ 80 ശതമാനവും പൂർത്തീകരിച്ചു.

കാലാവസ്ഥ വ്യതിയാനത്താലുണ്ടാകുന്ന ജലദോഷത്താൽ ചില കുട്ടികൾ വലയുന്നു. അവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു ദൈവീക ജ്ഞാനം ലഭിച്ചു അവർ പഠനത്തിൽ മുന്നേറേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒടിഷ

**ജഗനാഥപൂർ: ബസുദിയോ മാൾട്ടോ & ബാസന്തി മാൾട്ടോ**

14 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 5160 ലഘു ലേഖകൾ വിതരണം ചെയ്തു. 36 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. യുവ നേതാക്കളുടെ പരിശീലനം, ആത്മാക്കളെ ആദായപ്പെടുത്തുന്നവവരുടെ പരിശീലനം, സഭാമൂപ്പന്മാരുടെ കുടുംബ സംഗമം എന്നിവ അനുഗ്രഹകരമായി നടത്തി.

സുവിശേഷീകരണ പ്രവർത്തനത്തിലൂടെ സുവിശേഷം ശ്രവിച്ച ഡോണോ, പറുസായ്, മഹാദേശായ് എന്നി സഭകൾ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ സുവിശേഷം ശ്രവിച്ചവർക്കായി പ്രാർത്ഥിക്കുക. അപസ്മാര രോഗിയായ സുക്ലാൽ ലഹോറിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭാര്യയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന നമ്മുടെ ബാല ഭവനത്തിലെ ജോലിക്കാരൻ ബഗദൂർ മുണ്ടയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹോ ജനവിഭാഗത്തിൽ നിന്നും അനേകർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### സെളംമ്പ

**യുവനേശ് ടി & ഝാൻസി റാണി**

67 പേരോടു വ്യക്തിഗതമായി സുവിശേഷം അറിയിച്ചു. എട്ടു പേർക്കു വേദപുസ്തകവും അഞ്ചു പേർക്കു പുതിയ നിയമവും നൽകി. ഈ മൺസൂൺ കാലത്തു നല്ല മഴ നൽകി ദൈവം അനുഗ്രഹിച്ചു. കുട്ടികൾക്കായി നടത്തിയ വേദപഠന ക്ലാസ്സുകളിലൂടെ അനവധി അക്രൈസ്തവർ യേശുവിനെ അറിഞ്ഞു.

നവംബർ മാസം നടത്തുവാൻ ആഗ്രഹിക്കുന്ന വസാവ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ആയിരക്കണക്കിനു വിശ്വാസികൾ ഇതിൽ സംബന്ധിക്കേണ്ടതിനും നവംബറിൽ ക്രമീകരിച്ചിരിക്കുന്ന യുവജന മേളയിൽ വലിയൊരു കൂട്ടം യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക. അരിവാൾ രോഗത്താലും വിളർച്ച രോഗത്താലും കഷ്ടപ്പെടുന്ന വിശ്വാസികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**നവംബർ**

**22**

**വെള്ളി**

### ബോഡേലി

**യേശു ബാബു & ഉഷ എസ്**

കുദൻപൂർ ഗ്രാമത്തിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു ആത്മാർത്ഥമായി പ്രാർത്ഥിച്ചവർക്കായി ദൈവത്തെ സ്തുതിക്കുന്നു. വേദപഠന ക്ലാസ്സ് തടസ്സമില്ലാതെ മുന്നേറുന്നു. കൂടതലും യൗവ്വനക്കാരാണ് പങ്കെടുക്കുന്നത്. 175 ലഘുലേഖകൾ വിതരണം ചെയ്തു.

നീണ്ടകാലമായി കഷ്ടപ്പെടുന്ന രോഗത്തിൽ നിന്നും ഗോപാൽപൂർ ഗ്രാമത്തിലെ രവീണ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്ന കർണോട് ഗ്രാമത്തിലെ ഗ്രാമത്തലവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മാറിടത്തിൽ കാൻസർ ബാധിച്ച മിസ്സിലിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസ പ്രഖ്യാപന യോഗം തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കവാന്ത്

**അഖിലേശ് കുമാർ & കിരൺ ദേവി**

58 വ്യക്തികൾ പഴയ ജീവിതം ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അപകടത്തിൽ പരുക്കു പറ്റിയ നമ്മുടെ പുതിയ വിശ്വാസി പ്രവീൺ ബായിയെ കർത്താവ് സൗഖ്യമാക്കി. ധർസാവ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

ദീർഘകാലമായി ആസ്മ രോഗത്താൽ കഷ്ടപ്പെടുന്ന ഉറങ്ങുവാൻ കഴിയാത്ത കാലിബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉദരത്തിലുണ്ടായ മുഴക്കു വിവിധ ചകിത്സകൾക്കു വിധേയനായ നജ്ജിബായ് യേശുവിന്റെ നാമത്തിൽ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തനിയബാടി ഗ്രാമത്തിൽ എതിർപ്പിനെ തുടർന്നു നിർത്തിവെച്ച ആരാധനയോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാലോദ്

**കുമാർ പോൾ & അമുധ കുമാർ**

45 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി വകേല ഗ്രാമത്തിലെ വിപുൽ ഭായിക്കു ഗതാഗത വകുപ്പിൽ ജോലി ലഭിച്ചു. കുന്ധി ഗ്രാമത്തിലെ കാനു ഭായി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി രാജുഭായിയുടെ മകൾക്കു ക്രിസ്തീയ വിശ്വാസിയായ ജീവിത പങ്കാളിയെ ലഭിച്ചു. വിവാഹം അനുഗ്രഹകരമായി നടത്തി.

ഒക്കല സഭയിലെ വിശ്വാസിയായ വക്ജിഭായ് തന്റെ ദുർചെയ്തികൾ വിടുന്നില്ല. ആഭിചാരം പോലുള്ള പഴയ ദുഷിച്ച വഴികൾ ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ സ്ഥിരതയില്ലാത്ത ദുങ്കാർ ഗ്രാമത്തിലെ സുരേന്ദ്ര ബായ് മറ്റുള്ള വിശ്വാസികളെ പാപ വഴികളിലേക്കു വലിച്ചു കൊണ്ടു പേകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുങ്കാർ ഗ്രാമത്തിലെ നവ്ജി, പൂജ എന്നിവർ പക്ഷാഘാതത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരള, മാർത്ത, പായൽ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നവംബർ**

# 23

**ശനി**

## ജന്മദിനാശംസകൾ

ജോഷ്വ കെ എസ്
ജോൺ പോൾ ഹാരീസ്

### ഫോക്ടി നേതൃത്വ പരിശീലന കേന്ദ്രം

**രൂബൻ രവി & വിജയ റാണി**

സത്പുട റീജിയനിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിലും ആലോചന യോഗത്തിലും എല്ലാ മിഷനറിമാരും പങ്കെടുത്തു. ഹഗ്ഗായി മുൻകൈയെടുത്തു സംഘടിപ്പിച്ച ദേശിയ നേതൃത്വ പ്രോഗ്രാമിൽ 26 മിഷനറിമാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. സഹിയാദ്രി റീജിയനിലുള്ള 52 സുവിശേഷകർക്കു ശുശ്രൂഷ നിർവഹിക്കുന്നതിനു പ്രയാജനകരമായി പ്രസംഗ പരിശീലനം നൽകി. മിഥേഷി നടത്തിയ പഴയ നിയമ സർവ്വെയിലും കഥാകഥന ശൈലി പഠനത്തിലും പങ്കെടുത്ത 50 മിഷനറിമാർക്കു അതു പ്രയോജനകരമായിരുന്നു.

തമിഴ്നാട്ടിലെ തഞ്ചാവൂർ, മേട്ടുപാളയം എന്നിവിടങ്ങളിൽ നിന്നുള്ള പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ സന്ദർശനം വിശ്വാസികളുടെയും സ്വദേശ സുവിശേഷകരുടെയും ആത്മീക വളർച്ചക്കു പ്രചോദനമാകേണ്ടതിനായി പ്രാർത്ഥിക്കുക. കപ്രാദ മിഷൻ വയലിൽ നടത്തുന്ന സുവിശേഷകരുടെ പരിശീലന പ്രോഗ്രാം അവരുടെ ശുശ്രൂഷക്കു പ്രയോജനകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. നേതൃത്വ പരിശീലന കേന്ദ്രത്തിന്റെ അറ്റകുറ്റപണികൾ വിജയകരമായി പൂർത്തീകരിച്ചു. വിവിധ തലത്തിലുള്ള പരിശീലനത്തിനു വിധേയരായ പ്രാദേശിക സുവിശേഷകർ തങ്ങളുടെ കഴിവുകൾ ദൈവനാമ മഹത്വത്തിനായി കുടുംബ ജീവിതത്തിലും വ്യക്തിഗത ജീവിതത്തിലും ശുശ്രൂഷ ജീവിതത്തിലും പ്രയോജനപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗോദാവരി റീജിയൻ :

**ബസവരരാജ കെ &**
**സൻമത എം താനെ**

62 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സെൻസറി, ഒസാർവിയ എന്നീ ഗ്രാമങ്ങളിലുള്ള 13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 192 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. ഉത്താവ, ഒസർവീര, റായ്പൂർ, ഷാരി, ഉപ്ലാത്ത് എന്നീ ഗ്രാമങ്ങളിൽ സ്ത്രീകളുടെ പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റ വൈശാലി ബന്നിനെ കർത്താവ് രക്ഷിച്ചു. കൃഷ്ണ ബായി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

തലസാരി ഗ്രാമത്തിലെ ദർശൻ സഭ വിഘ്നമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വൈശാലി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിജു മദ്യാസക്തിയിൽ നിന്നു വിടുതൽ പ്രാപിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈവാൻ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനുള്ള തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും രാമുബായിയെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സഭയെ അഭിവൃദ്ധിയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബ്യൂല ഹെൻട്രി
കിരൺ ബങ്കര ലൗലിൻ

## ദാദ്ര നഗർ ഹാവേലി

### സിൽവാസ

**ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം**

നാലു വ്യത്യസ്ത സ്ഥലങ്ങളിൽ നടത്തിയ സുവിശേഷയോഗത്തിൽ 117 പേർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. സഭാമൂപ്പന്മാരുടെ പരിശീലന ക്യാമ്പിൽ 158 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നാലു സ്ഥലത്തു ആത്മാക്കളെ നേടുന്ന പ്രോഗ്രാം നടത്തി. വാസോന സഭയിലെ വിശ്വാസികൾ നമ്മുടെ ഒരു മിഷനറിയെ സ്പോൺസർ ചെയ്യുവാൻ തയ്യാറായി. കാഴ്ച ശക്തിക്കു പ്രയാസം നേരിട്ട വാരാലി ഗ്രാമത്തിലെ അൻജുപെനിയെ കർത്താവ് സൗഖ്യമാക്കി.

സജ്ജു – ചന്ദ്രിക, അശോക് – ജാക്നി, വിജയ് – ജോസ്ന, സുരേഷ് – രേണുക എന്നീ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച കിത്‌ലി ഗ്രാമത്തിലെ ആബാബായ് മാനസിക പ്രശ്നങ്ങൾ നേരിടുന്നു. ഇയാളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വരുന്ന മാസത്തെ സുവിശേഷ യോഗം അനുഗ്രഹമാകേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടിരിക്കുന്ന വിബിഎസ് അദ്ധ്യാപക പരിശീലന ക്യാമ്പിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക.

### രാന്ധ ബാലഭവനം

**മർക്കൂസ് മാൽട്ടോ & സാറാ മൾട്ടോ; ചന്ദ്രിക ബൻ ചാഗൻഭായ് കോക്നി; മനിഷ ലക്ര**

നമ്മുടെ ബാലഭവനത്തിലെ കുട്ടികൾ ദൈവകൃപയാൽ ആരോഗ്യത്തോടിരിക്കുന്നു. ഈ മഴക്കാലത്തു കുട്ടികളെല്ലാവരും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗാലോന്ദ, സിൽവാസ എന്നിവിടങ്ങളിൽ യാത്ര ചെയ്തു സ്കൂളിൽ വരുന്ന പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. സജീവമായി ആത്മീക പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന കുട്ടികൾ ദൈവീക പരിജ്ഞാനം പ്രാപിക്കുന്നു. മോതപാട മിഷൻ വയലിലെ ഗ്രാമങ്ങളിൽ സുവിശേഷ വേല ചെയ്യുവാൻ ദൈവം നമ്മെ ശക്തീകരിച്ചു.

കാലികമായി ഉണ്ടാകുന്ന രോഗങ്ങളാൽ കഷ്ടപ്പെടുന്ന കുട്ടികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ബാധൽ അടിക്കടി രോഗിയാകുന്നതിനാൽ ക്ലാസ്സുകൾ നഷ്ടപ്പെടുന്നു. അവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സയൻസ്, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികളായ യുവരാജ് ഭായ്, ദാനിയേൽ ഭായ്. കരുണ ബൻ, പ്രമീള ബൻ എന്നിവർ പഠനത്തിൽ മികവ് പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ കെട്ടിടം പണി ആരംഭിക്കുന്നതിനു അനിവാര്യമായ സർക്കാർ അനുവാദം മനപൂർവ്വം താമസിക്കുന്നു. എത്രയും വേഗത്തിൽ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നവംബർ 25 തിങ്കൾ**

## ജന്മദിനാശംസകൾ

മിറില സോപ്രമേരി
ദേബരതോ വിശ്വാസ്
വസാവ അരുണബൻ ദാമനിയബായ്

## മഹാരാഷ്ട്ര

### ചാലിസ്ഗൗൺ

**യേശു പ്രകാശ് & സുനന്ദ ബല്ലി**

മൂന്നു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷ പ്രഘോഷണത്തിലൂടെ 150 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. കഴിഞ്ഞ ആറു വർഷമായി ശരീരമാസകലം നീർവീക്കത്താൽ കഷ്ടപ്പെട്ട ചാലിസ്ഗൗൺ ഗ്രാമത്തിലെ ദീയ തായത്തായിക്കായി ദൈവസന്നിധിയിൽ പ്രാർത്ഥിച്ച വേളയിൽ ദൈവം അവളെ സൗഖ്യമാക്കി.

ചാലിസ്ഗൗണിൽ രോഗസൗഖ്യത്തിനായി ആവേശത്തോടെ കടന്നു വരുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു താൽപര്യപ്പെടുന്നില്ല. മാങ്, ചമാർ, ജയ്ബങ് എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനും അവരുടെ മദ്ധ്യത്തിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ദൈവാലയം പണിയുന്നതിനാവശ്യമായതെല്ലാം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെവിയിൽ നിന്നും രക്തം പ്രവഹിക്കുന്ന നായര, രോഹിണി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ആശയും അജ്ഞനയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സർഗണ

**ടി മയിലുസ്വാമി & യേശുമണി ടി**

49 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ശിഷ്യഗണത്തിലായി. അമ്പാട്, കണ്ടാപൂർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. വിശ്വാസികൾക്കായി 21 സ്ഥലത്തു കുടുംബ സംഗമം ക്രമീകരിച്ചു.

മക്കളില്ലാത്ത മന്ദബായ് ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ദൈവം അവർക്കു ഒരു പൈതലിനെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തമായ എതിർപ്പുകൾ നിലനിൽക്കുന്ന ഹാത്തക്കാറ്റ് ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായും ജനങ്ങൾ പ്രാർത്ഥനക്കൂട്ടങ്ങളിൽ സംബന്ധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും വിശ്വാസികൾ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉയിർത്തെഴുന്നേറ്റ യേശു!

ജാർഖണ്ഡിൽ പക്കുയാട് മിഷൻ വയലിലുള്ള നീംദുങ്ക ഗ്രാമത്തിലെ മാധി മാറാണ്ടി കുടിയേറ്റ തൊഴിലാളിയായി പോയി. രോഗിയായി വീണു ശയ്യാവലംബനായി തീർന്നു. അവന്റെ ജീവൻ നഷ്ടപ്പെടുമെന്നു ഭയന്നവർ അവനെ ഗ്രാമത്തിലേക്കു കൊണ്ടു വന്നു വീട്ടിൽ ഉപേക്ഷിച്ചിട്ടു പോയി. നീംദുങ്ക ഗ്രാമത്തിലെ സഭ വിശ്വാസികൾ അവന്റെ ഭവനം സന്ദർശിച്ചു ആത്മാർത്ഥമായി പ്രാർത്ഥിച്ചു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ മാധി എഴുന്നേറ്റു ഇരുന്നു. അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഇപ്പോൾ അവൻ മറ്റുള്ളവരെ പോലെ ജോലി ചെയ്യുന്നു. ആ ഗ്രാമത്തിൽ ദൈവനാമം മഹത്വപ്പെട്ടു. ഹല്ലെലുയ്യ!




## ജന്മദിനാശംസകൾ

മനശ്ശെ ദാനിയേൽ

### തലസാരി : ഗദ്ദാം ശ്രീനിവാസ റാവു & രാജ്യ ലക്ഷ്മി

32 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. കഴിഞ്ഞ ഏഴു വർഷമായി സോണാലി രാജേഷിനു മക്കൾ ജനിക്കുന്നതിനുമുമ്പു ഉദരത്തിൽ വെച്ചു തന്നെ നഷ്ടപ്പെട്ടു പോകുന്നു. ദൈവത്തിന്റെ അനാദി ശാശ്വത കൃപയാൽ ഇപ്പോൾ അവർക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. കൻജാത് ഗ്രാമത്തിൽ സ്ത്രീ ജന യോഗത്തിൽ വലിയൊരു കൂട്ടം സ്ത്രീകൾ സംബന്ധിച്ചു.

സൈവാൻ ഗ്രാമത്തിലെ വൈശാലി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്ത്രീകളുടെ ഇടയിൽ ചെറു പ്രാർത്ഥന സംഘങ്ങൾ രൂപീകരിക്കേണ്ടതിനായും അതു ക്രമമായി നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. സൈവാൻ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരുടെ ഇടയിൽ ചെറു പ്രാർത്ഥന സംഘങ്ങൾ ആരംഭിക്കേണ്ടതിനും അതു ക്രമമായി നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക സഭയിലെ നേതാക്കന്മാർ ഉത്തരവാദിത്വം ഏറ്റെടുത്തു സഭയെ ആത്മീകമായി വഴി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### ചൊപട് & സങ്‌വി ബാലഭവനം

### വസാവ ബാൻസിങ് മൗലിയ & മഹാലെ യമെൻബൻ

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു വർഷത്തോളം അധരത്തിലുണ്ടായ കാൻസറിനാൽ വലയുന്ന ഭായ് ദാസ് നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി സാവാധാനം സുഖം പ്രാപിക്കുന്നു. ഉപവാസ പ്രാർത്ഥനയിൽ രാംദാസിന്റെ ക്ഷയ രോഗം സൗഖ്യമായി.

അടിക്കടി പൈശാചിക ബന്ധനത്തിലാകുന്ന ബാലഭവനത്തിലെ പാചകക്കാരന്റെ ഭാര്യയുടെ വിടുതലിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടിരിക്കുന്ന യുവജന ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ചൊപട് ഗ്രാമത്തിലെ ജനങ്ങൾ സുവിശേഷ യോഗത്തിലൂടെ വിശ്വാസത്തിൽ ഉറക്കുകയും രക്ഷയിൽ ശക്തിപ്പെടുകയും ചെയ്തു.

### ജീവിതം രൂപാന്തരപ്പെടുത്തുന്ന ദൈവസ്നേഹം!

ഉത്തരാഖാണ്ഡിൽ ബാസ്പൂർ ജില്ലയിലുള്ള അക്രൈസ്തവയായ സഹോദരി നിതിം, പകെട ഗ്രാമത്തിൽ ജീവിക്കുന്ന ഒരു വിശ്വാസിയെ വിവാഹം കഴിച്ചു. ഭർത്താവിന്റെ സഹോദരങ്ങളും കുടുംബാംഗങ്ങളും ദൈവാലയത്തിൽ പോകുന്നതും യേശുക്രിസ്തുവിനെ ആരാധിക്കുന്നതും കണ്ട നിതിം തന്റെ രക്ഷിതാക്കളുടെ ഉപദേശ പ്രകാരം ഒരു മുറിയിൽ പൂജകൾ നടത്തുവാനും ഭർത്താവ് പ്രാർത്ഥിക്കുന്ന വേളയിൽ ഉറക്കെ പാടുവാനും തുടങ്ങി. എന്നിരുന്നാലും ഭർത്താവിന്റെ വീട്ടുകാരുടെ സ്നേഹപൂർവ്വമായ ഇടപെടൽ അവളിൽ മാറ്റമുണ്ടാക്കി ഒരു വർഷത്തിനുള്ളിൽ അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവൾ തന്റെ പഴയ വഴികളെല്ലാം ഉപേക്ഷിച്ചു യേശുവിനെ ആരാധിക്കുവാൻ തുടങ്ങി. ഇപ്പോൾ അവൾ തന്റെ രക്ഷിതാക്കളോടും ബന്ധുക്കളോടും യേശുവിന്റെ സ്നേഹം പങ്കുവെക്കുന്നു!




ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ലിങ്തിൻകിം ഹയോകിപ്

### ബോറാഡി : ഓംപ്രകാശ് & സപ്ന

അനുധാവന പ്രവർത്തനത്തിലൂടെ 364 വ്യക്തികളെ കണ്ടുമുട്ടി. അവരിൽ മൂന്നു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിതഗണത്തിലായി. കോദിദ, വാദി, റാണിജിർ, ന്യൂ ബോരാദി, ബുദാക്കി വിഹിർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ ഭജൻ യോഗത്തിലൂടെ 600 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ഉമറാദ ഗ്രാമത്തിൽ നടത്തിയ കുട്ടികളുടെ ക്യാമ്പിൽ 22 പേർ പങ്കെടുത്തു. ചോണ്ടി, ലാൽസിങ്പാട, ന്യൂ ബോറാഡി എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന വേദപഠന ക്ലാസ്സുകളിലൂടെ വിശ്വാസികൾ ദൈവവചന പരിജ്ഞാനത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

സാമരിയ, ഉമാർദ, അമ്പാദുക്, ദാപാസിയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു സുവിശേഷ സംഘത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സേവകരായ ജയ്സിങ്, റെയ്സിങ്, അമ്പാരം, അനിൽ, സഞ്ചയ്, കവഭായി എന്നിവർ സന്തോഷപൂർവ്വം സുവിശേഷ വേലയെ സഹായിക്കുന്നു. ബാദാക്കി ഗ്രാമത്തിലെ മൂന്നു വയസ്സുള്ള കാൻസർ രോഗിയായ ബാലൻ ബായാന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്താൽ കഷ്ടപ്പെടുന്ന സ്വപ്നയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രോഗികളായ അനേകർ സൗഖ്യത്തിനു മുമ്പും പിമ്പും യേശുവിലുള്ള വിശ്വാസം വർദ്ധിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പെയിന്റ് ബാലഭവനം & സരസമ്മാൾ ബാലഭവനം

### അലക്സ് പ്രഭു & പ്രീയ ഹെത്സി

ആറു സ്ഥലത്തു സ്ത്രീകളുടെ യോഗവും രണ്ടിടത്തു യൗവ്വനക്കാരുടെ യോഗവും സംഘടിപ്പിച്ചു. 18 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മിഷനറിമാരും പ്രദേശിക സുവിശേഷകരും വിശ്വാസികളും പെയിന്റ് മിഷൻ വയലിലുള്ള ജനങ്ങളുടെ മാനസാന്തരത്തിനായി രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. പുതുതായി നമ്മുടെ പ്രാർത്ഥനക്കൂട്ടത്തിൽ സംബന്ധിക്കുന്ന 26 വ്യക്തികൾ യേശുവിലുള്ള രക്ഷ പരിജ്ഞാനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 15 ദിവസമായ ഉദര വേദനയാൽ കഷ്ടപ്പെടുന്ന പ്രതീക ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചതിനെ തുടർന്നു സൗഖ്യം പ്രാപിച്ചു. സ്ത്രീകളുടെ കൂട്ടായ്മയിൽ 50 പേർ സംബന്ധിക്കുന്നു.

ദുരുപദേശകർ സഭക്കുള്ളിൽ പ്രവേശിക്കാതിരിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു പോകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോരപാട ഗ്രാമത്തിലെ ഹിരമാൻ, കാശിനാഥ് എന്നിവർ ചിക്കൻഗുനിയ രോഗത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പെയിന്റ് മിഷൻ വയലിലെ അനുസൂയ്യയുടെ കൃഷി പ്രാണികളുടെ ആക്രമണത്തിൽ നശിച്ചു പോയി. ദൈവം അവളുടെ നഷ്ടം നികത്തി കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

നവംബർ **28** വ്യാഴം

### അക്കൽകുവ

**ജഗമോഹൻ സിങ് & സ്വാതി ശർമ്മ**

35 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. നാലു സ്ഥലത്തു മുഴു രാത്രി പ്രാർത്ഥനയും രണ്ടു സ്ഥലത്തു അന്വേഷക ക്യാമ്പും നടത്തി. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു വ്യക്തികൾ പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

ദബ്രിയമ്പ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം വേഗത്തിൽ രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസ പ്രഖ്യാപന യോഗം തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന നമ്മുടെ സന്നദ്ധ സുവിശേഷക ഉഷ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**എട്ടപള്ളി : അരവിന്ദ് വസാവെ & എജു അരവിന്ദ്**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 480 വ്യക്തികൾ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. മാർഗൽ ദൈവാലയം ദൈവനാമ മഹത്വത്തിനായി പ്രതിഷ്ഠിച്ചു. കാട്ട. കോത്മി, ജാരെവാട, ദോദാസ, നാരനൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രോഗത്തിൽ നിന്നും സൗഖ്യം ലഭിച്ച സുക്ലി ബായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ശ്രീരങ്കി മതാമി കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച അശ്വനി ദുൽഷയുടെയും കാൻസർ രോഗിയായ കാർത്തിക മണ്ഡലിന്റെയും ക്ഷയ രോഗിയായ സുക്ലി ബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യപാനത്തിൽ നിന്നും പുകയില ഉപയോഗത്തിൽ നിന്നും ഗ്രാമീണർ മുക്തരാകേണ്ടതിനായി പ്രാരത്ഥിക്കുക.

## ആന്ധ്രപ്രദേശ്

### പാൽമനെർ

**പോൾ കുപ്പു സ്വാമി & ഷൈല കെ**

ഒരാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കൊലമാസനപള്ളിയിൽ സംഘടിപ്പിച്ച സഭാമൂപ്പന്മാരുടെ പരിശീലനത്തിൽ 25 പേർ പങ്കെടുത്തു. വീട്ടിനുള്ളിൽ കയറിയ പെരുമ്പാമ്പിൽ നിന്നും യശോദ രക്ഷപ്പെട്ടു. വെള്ളമില്ലാത്ത കിണറ്റിൽ വീണ യശോദയുടെ പിതാവിനെ കർത്താവ് നിസ്സാര പരുക്കുകളോടെ ദൈവം വിടുവിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ബാല, അനിത, കലാവതി, രാജേന്ദ്രൻ, ദേവി, മതിമിത, അമ്മു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാന്ത്രിയ ഗ്രാമത്തിൽ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനിയും അലസനുമായ ഭർത്താവ് സുബ്ബൈയ നിമിത്തം വിശ്വാസിയും മക്കളും ദാരിദ്ര്യത്തിൽ കഴിയുന്നു. ഈ കുടുംബത്തിന്റെ പട്ടിണി മാറി സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാമ്പഴം വാങ്ങുവാൻ വലിയൊരു തുക നൽകി വഞ്ചിക്കപ്പെട്ട രാമണ്ണക്കു നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മഹേഷ് ആർ

### ഝാമലച്ചെരിവ് :
### ജോൺ ഡേവിഡ് രാജ് & ജ്ഞാന ശേഖരി ഡേവിഡ്‌രാജ്

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. പാട്ടൂർ ഗ്രാമത്തിലെ സഭയിൽ രണ്ടു പുതിയ കുടുംബം സംബന്ധിക്കുന്നു. എസ്ഥേർ ലാവണ്യയുടെ ഗർഭപാത്രത്തിലുരുവായ മുഴ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. പുതുതായി ആരംഭിച്ച വേദപഠനം ക്ലാസിലൂടെ വിശ്വാസികൾ ദൈവവചനം ക്രമമായി പഠിക്കുന്നു. പ്രാർത്ഥനയുടെ ഫലമായി യോബു പ്രസാദും രാമമൂർത്തിയും മദ്യപാന സ്വഭാവം ഉപേക്ഷിച്ചു.

പുതിയ സന്നദ്ധ സുവിശേഷകനായ പോൾ മുനിസ്വാമിയെ കർത്താവ് ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയുടെ ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന ഭർത്താവ് ജഗന്നാഥിന്റെയും രണ്ടു മക്കളുടെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കങ്കുലൈയ തന്റെ ഭാര്യയോടു ചേർന്നു സമാധന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാഗലക്ഷ്മിയുടെ ഭർത്താവ് ദേവരാജ് മദ്യപാന സ്വഭാവം ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭസ്ഥ ശിശു നഷ്ടപ്പെട്ട ഷൈല, രാധ എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന ഗ്രാമത്തലവന്മാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### നലമാദ
### ദിനേശ് മാറൈയ & മേരി മുർമ്മു

അഞ്ചു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 788 വ്യക്തികൾക്കു സുവിശേഷം ശ്രവിക്കുന്നതിനു അവസരം ലഭിച്ചു. യുവജനങ്ങളുടെ പരിശീലന ക്യാമ്പിൽ പങ്കെടുത്ത ആറു യൗവ്വനക്കാർ കർത്താവിനോടു എരിവുള്ളവരായി തീർന്നു. രണ്ടു ഗ്രാമങ്ങളിൽ അന്വേഷക ക്യാമ്പു സംഘടിപ്പിച്ചു. നല്ലമാദ ഗ്രാമത്തിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ 15 വ്യക്തികൾ പങ്കെടുത്തു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിലൂടെ പരിശീലനം പൂർത്തീകരിച്ച ഏഴു സഭാ മൂപ്പന്മാർ തങ്ങളുടെ ഉത്തരവാദിത്വത്തിൽ വിശ്വസ്തതയോടെ സഭയെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ബാംഗ്ലൂരിൽ ജോലിക്കായി പോയ ലളിതയുടെ മകൻ ഭവനത്തിലേക്കു വരുന്നതിനു താൽപര്യമില്ലായിരുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അവൻ ഭവനത്തിലേക്കു തിരികെ വന്നു. അവൻ തന്റെ രക്ഷിതാക്കളെ പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷം കഴിച്ച രാമപുരം നന്ദേക്ക് അതിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായും തിരുമാനങ്ങൾ വിവേകത്തോടെ എടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്ഷ്മി ദേവി, ഹർഷ, ഗംഗലോമ, നരസിമുദു, അഞ്ചിനൈലു, റാവണമ്മ, അമൃത ശ്രീ, സിന്ധുജ, ലോകേഷ്, വിഷ്ണു, അനുദീപ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ജാമിയക്കയുടെ വസ്തു ആരുടെയും വഞ്ചനയിൽ കുരുങ്ങാതെ നല്ല വിലക്കു വിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചു വർഷത്തോളം പൈശാചിക ബന്ധനത്താൽ വലയുന്ന മാരയാമിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

നവംബർ
# 30
ശനി

## ജന്മദിനാശംസകൾ

സുഗന്തി പുഷ്പം ജന്നീസ്

## തമിഴ്നാട്

### സതേൺ സോൺ

**പോൾ ദയാസിങ് &**
**ബനിൽദ വസാന്ത് ലാവിസ്**

അത്തിയാനപ്പള്ളി സഭയുടെ പതിന്നാലാം വാർഷികാഘോഷം അനുഗ്രഹകരമായി സംഘടിപ്പിച്ചു. അഞ്ചെട്ടി മിഷൻ വയലിലുള്ള 150 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. അപകടത്തിൽ ഇമ്മാനുവേലിനെ കർത്താവ് പരിപാലിച്ചു. ആറു മാസത്തെ നീണ്ട പ്രാർത്ഥനക്കൊടുവിൽ എസ്ഥേറും മണിയും സഭാ ആരാധനയിൽ സംബന്ധിക്കുന്നു. പെരിയമല നേതൃത്വ പരിശീലന കേന്ദ്രത്തിൽ വെച്ചു യുവജനങ്ങളുടെ പരിശീലനം, കുട്ടികളുടെ ക്ലാസ്സുകൾ, വേദപഠന ക്ലാസ്സുകൾ എന്നിവ വിജയകരമായി നടത്തി. വീരരാഘവൻ, ശരവണൻ, രമേശ് എന്നിവരുടെ കുടുംബം താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

ഭർത്താവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന രൂത്തമ്മയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വേട്ടവാളം മിഷൻ വയലിലെ അമ്പികയുടെ കുടുംബം, കൃഷ്ണൻ, വിക്രം, പാണ്ഡ്യൻ, നാഗപ്പൻ, ജാനകി, സെൽവി, വൈശാലി, രമേശ് എന്നിവരും ഇല്ലംപള്ളി വയലിലെ ശരവണൻ, റാണി, മറിയാമ്മ, കാർത്തി, ദേവി, വിദ്യ, രമേശ്, മോഹന എന്നിവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ക്ലാസ്സുകൾക്കു തടസ്സം നിൽക്കുന്ന മോനിഷയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പ്രമേഹ രോഗത്താൽ വലയുന്ന മൂന്നു വയസ്സുള്ള രജനിയുടെയും ഹൃദയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന വലിയമ്മാൾ, വിജയ ലക്ഷ്മി, വൃക്ക സംബന്ധമായ രോഗത്താൽ ഭാരപ്പെടുന്ന എസ്ഥേറമ്മ, ഹിൽദ, വിക്ടോറിയ, കാൻസർ രോഗിയായ ധാരാബായ്, ഭയത്തിലും നൈരാശ്യത്തിലും കഴിയുന്ന ശാന്തി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### വേദപുസ്തക പരിഭാഷ

**ജി ഏബ്രഹാം & പി ഹേമലത**

ദേവരി ഭാഷയിൽ മത്തായിയുടെ സുവിശേഷം പരിഭാഷപ്പെടുത്തുവാൻ ദൈവം കൃപ നൽകി. 8000 വാക്കുകളടങ്ങുന്ന വാർളി ഭാഷ നിഘണ്ടു പ്രസിദ്ധീകരിച്ചു. വാർളി ഭാഷ സംസാരിക്കുന്ന മുതിർന്നവർക്കായി നടത്തുന്ന വയോജന വിദ്യാഭ്യാസ പ്രോഗ്രാമിനാവശ്യമായ പുസ്തകങ്ങൾ മാറാട്ടി ലിപികൾ ഉപയോഗിച്ചു തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു. സെപ്റ്റംബർ മാസത്തിൽ പുതുതായി കടന്നു വന്ന മിഷനറിമാർക്കു അവരുടെ പരിശീലനത്തിന്റെ ഭാഗമായ നരവംശ ശാസ്ത്ര ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.

സങ്കീർത്തനവും സദൃശ്യവാക്യവും ഉൾപ്പെടുന്ന പുതിയ നിയമം വാർളി ഭാഷയിൽ വേഗത്തിൽ പ്രകാശനം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. വാർളി ഭാഷയിലെ പാട്ടു പുസ്തകം പുനർ പ്രസിദ്ധീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാർളി ഭാഷയിലേക്കു വേദപുസ്തകം പരിഭാഷപ്പെടുത്തുന്ന ശുശ്രൂഷയിൽ സഹായികളായിരിക്കുന്ന സന്നദ്ധ സേവകരുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനുമായി പ്രാർത്ഥിക്കുക.

## We want to help you to be in touch with...
## Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................ Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr.K. Thankappan,** Hon. Pro. secretary, FMPB, "Prabhath",
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION : Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha............. Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:....... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

## 399
## മിഷനറി ആൽബം

മണിപ്പൂരിൽ കാങ്പോക്പി ജില്ലയിലുള്ള ഫൈമോൾ ഗ്രാമത്തിലെ ശ്രീ. ഹേംഖൊസി ടൗത്താങിന്റെയും ശ്രീമതി നെമ്ഗായുടെയും മൂത്തമകനായി 1982 ജനുവരി 28 ന് ശ്രീ. ജങ്ഖൊലുൻ (ഹെലുൻ) ടൗതങ് ജനിച്ചു. അവനു അഞ്ചു സഹോദരിമാരും ഒരു സഹോദരനും ഉണ്ട്. സർക്കാരുദ്യോഗസ്ഥനായ പിതാവ് കുഞ്ഞുങ്ങളുടെ മെച്ചമായ ഭാവിയെ കരുതി ഇംഫാലിലേക്കു താമസം മാറ്റി. ഒരു ലളിതമായ ക്രിസ്തീയ കുടുംബത്തിൽ പിറന്ന ജങ്ഖൊലുൻ സണ്ടേസ്കൂളിലും പള്ളിയിലുമുള്ള തന്റെ ഇടപെടലിലൂടെ ആഴമായ ക്രിസ്തീയ ഭക്തി വളർത്തിയെടുത്തു. 1996 ഒക്ടോബർ 26 നു അവനു പ്രത്യേക ആത്മീക അനുഭവം ഉണ്ടായി അത് അവനെ രക്ഷയിലേക്കു നയിച്ചു. ആത്മീക വഴിനടത്തലുകൾ ലഭിച്ചു. CBCA യുടെ ന്യൂ ലമ്പുലെൻ ചർച്ചിൽ ഏഴു വർഷം സണ്ടേസ്കൂൾ അദ്ധ്യാപകനായി പ്രവർത്തിച്ചു. സഭയിലെ യുവജന നേതാവായും സേവനം അനുഷ്ടിച്ചു.

2000 സെപ്റ്റംബറിൽ 2 തിമൊ.1:9 ലൂടെ ദൈവ വിളി ലഭിക്കുകയും മിഷനറി പ്രവർത്തനത്തിനായി തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തു. 2007 ജൂണിൽ, മണിപ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റർ ബിരുദം കരസ്ഥമാക്കിയതിനു ശേഷം, മിഷനറിയായി FMPB യിൽ ചേർന്നു. മിഷനറി പരിശീലനത്തിനു ശേഷം ജങ്ഖൊലുനെ ഉത്തർപ്രദേശിലെ കാൺപൂർ റീജിനൽ ആഫീസിലേക്കു നിയോഗിച്ചു.

മണിപ്പൂരിൽ ചുരാചന്ദ്പ്പൂർ ജില്ലയിലെ പരേതനായ ശ്രീ. നെങ്സാതുൻ ഹൗസെലിന്റയും പരേതയായ ശ്രീമതി. നെംസതാങ്ങിന്റെയും മകളായി 1985 ആഗസ്റ്റ് 17 ന് സഹോദരി നഗൈതിയാൻചിങ് ഹൗസെൽ ജനിച്ചു. അവൾക്കു നാലു സഹോദരിമാരും ഒരു സഹോദരനും ഉണ്ട്. ക്രിസ്തീയ കുടുംബത്തിൽ വളർത്തപ്പെട്ട അവൾ ചെറു പ്രായം മുതൽ തന്നെ ശക്തമായ ആത്മീക അടിത്തറ വളർത്തിയെടുത്തിരുന്നു. സഭയുടെ മൂപ്പനായിരുന്ന അവളുടെ പിതാവ് അനേക മിഷനറിമാരെ സ്പോൺസർ ചെയ്തിരുന്നു. 1990 ൽ സഭയിൽ നടത്തിയ കുട്ടികളുടെ ക്യാമ്പിൽ വെച്ചു അവൾ യേശുവിനെ കർത്താവും രക്ഷിതതാവുമായി സ്വീകരിച്ചു. ട്രിവാൻഡ്രം ബൈബിൾ കോളജിൽ നിന്നും B.Th ബിരുദവും മണിപ്പൂരിലെ ഗ്രേസ് ബൈബിൾ കോളജിൽ നിന്നു M.Div ബിരുദവും കരസ്ഥമാക്കി. EBCC അപ്പർ ലംകയിൽ രണ്ടു വർഷം സണ്ടേസ്കൂൾ അദ്ധ്യപികയായി പ്രവർത്തിച്ചു. 2008 ജൂണിൽ പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. മിഷനറി പരിശീലനത്തിനു ശേഷം ഛത്തീസ്ഘട് പത്മാൽ ഗൗൺ ബാലിക ഭവനതത്തിലേക്കു നിയോഗിച്ചു.

2010 ജനുവരി 29 ന് ഇവർ തമ്മിലുള്ള വിവാഹം നടന്നു. അവർ കുടുംബമായി ബഹെത - ദേവ, ഗൊണ്ട ബാലഭവനം എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 2018 മുതൽ ഇവർ ഗാട്ടംപൂർ മിഷൻ വയലിൽ പ്രവർത്തിച്ചു വരുന്നു.

ദൈവം ഇവർക്കു മൂന്നു മക്കളെ നൽകി. മൂത്തമകൾ പ്രിസ്കില്ല (21/3/2016) രണ്ടാം ക്ലാസ്സിലും രണ്ടാമത്തെ മകൾ യൂനിസ് (17/7/2017) ഒന്നാം ക്ലാസ്സിലും മണിപ്പൂരിൽ പഠിക്കുന്നു. ഇളയ മകൻ സ്റ്റീഫൻ (25/4/2022) അവരൊടൊപ്പം ഉണ്ട്.

ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.



**ശ്രീ. ജങ്ഖൊലുൻ (ഹെലുൻ) ടൗതങ് & ശ്രീമതി. നഗൈതിയാൻചിങ് ഹൗസെൽ കുടുംബം**

## ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ (FMPB) പേരിൽ

# ബിഷപ്പ് ഡോ. എസ്രാ സർഗുണത്തിനു ആദരാഞ്ജലികൾ



പ്രഥമ മിഷനറിയും ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ (ECI) സ്ഥാപകനുമായ ഫാദർ ബിഷപ്പ് ഡോ. എസ്രാ സർഗുണം ബിഷപ്പിനെ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് (FMPB) ആദരിക്കുകയും മാനിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ജീവിതവും ശുശ്രൂഷയും ദൈവസഭക്കും മിഷൻ സംഘടനകൾക്കും വളരെ അനുഗ്രഹമായിരുന്നു.

ബിഷപ്പ് എസ്രാ സർഗുണത്തിന്റെ ഹൃദയം മിഷനു വേണ്ടിയായിരുന്നു. ദൈവരാജ്യം വിശാലമായി കാണുന്നതിനുള്ള അദ്ദേഹത്തിന്റെ അഭിനിവേശം സഭയുടെ മതിലുകൾക്കുള്ളിൽ മാത്രമല്ല നമ്മുടെ രാഷ്ട്രത്തിന്റെ എത്തിച്ചേരത്ത മേഖലകളിലേക്കും വ്യാപിച്ചു. ഇന്നത്തെ സഭകൾക്കും മിഷൻ നേതാക്കൾക്കും അനുകരണീയമായ മാതൃകയാകുന്നു.

സുവിശേഷത്തിലൂള്ള ECI മായുള്ള പങ്കാളിത്വം FMPB യെ ആഴമായി സ്പർശിച്ചു. പ്രത്യേകാൽ മിഷൻ വയലുകളിൽ അദ്ദേഹം നൽകിയ അചഞ്ചലമായ പിന്തുണക്ക് ഞങ്ങൾ നന്ദിയുള്ളവരാകുന്നു. ECI യുമായുള്ള പങ്കാളിത്വവും പിന്തുണയും FMPB വിലമതിക്കുന്നു.

കുടുംബത്തോടും സഭാ നേതാക്കന്മാരോടും സഭയിലെ എല്ലാ വിശ്വാസികളോടും FMPB സഹാനുഭാവം പ്രകടിപ്പിക്കുന്നതിനൊപ്പം അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു

എല്ലാ മഹത്വവും മാനവും എല്ലായ്പോഴും നമ്മുടെ ദൈവമായ കർത്താവിനു മാത്രം ഉണ്ടായിരിക്കുമാറാകട്ടെ. ആമേൻ

**റവ. എസ്. ജോൺ ബർലിൻ, ജനറൽ സെക്രട്ടറി, FMPB**


# FINANCE DEPARTMENT

**FMPB Bank Account details for sending the offering through online transaction**




A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## BARCODE

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**